
# ലിറ്റിൽ മാസിക


ലക്കം
152


2014 ജൂൺ

## വർഷകാലം ലൊനാർഡിയച്ചനെ ഓർമ്മിപ്പിക്കുമ്പോൾ..

## നിരത്തിൽ കാണാതാവുന്ന നല്ലശമര്യാക്കാർ






*സൂര്യപ്രകാശത്താൽ താലോലിതമാകുന്ന ഈ പച്ചിലകൾ നോക്കൂ.. നിങ്ങൾ എപ്പോഴെങ്കിലും പ്രശാന്തവും ഉത്ബുദ്ധവുമായ ഹൃദയത്താൽ ഇലകളുടെ പച്ചയെ സത്യസന്ധമായി നോക്കി ഇരുന്നിട്ടുണ്ടോ... പച്ചയുടെ ഈ തണൽ ജീവന്റെ അത്ഭുതങ്ങളിൽ ഒന്നാണെന്ന്... എപ്പോഴെങ്കിലും സത്യസന്ധമായി നോക്കിയിട്ടില്ലെങ്കിൽ ഇപ്പോൾ അപ്രകാരമൊന്ന് ചെയ്യുക..*

*-ഗൗതമബുദ്ധൻ*

copyleft

ലിറ്റിൽ മാസിക

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

152

ജൂൺ 2014

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

എഡിറ്റർ
ബിജു ജോൺ

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
അബ്ദുള്ളക്കുട്ടി എടവണ്ണ

മാനേജിംഗ് എഡിറ്റർ
ജയപ്രകാശ് നിലമ്പൂർ

പത്രാധിപ സമിതി
പി.എം. ജോൺ
സതീഷ് ചളിപ്പാടം
ചന്ദ്രബാബു തൃക്കലങ്ങോട്
ഹാരിസ് നെന്മേനി

ടൈപ്പ് സെറ്റിംഗ്
ജസീല

കവർ ചിത്രം:
ഡോ. റ്റി. റഹിമാൻ

*സക്രിയത, പ്രാർത്ഥന, പ്രകൃതി, ആസ്വാദനം, സഹജീവനം, ധ്യാനം, സ്വാഭാവിക പുഞ്ചിരി, കാരുണ്യം, ഭക്ഷണം, കൂട്, ഉറക്കം, വിശ്രമം, സാധാരണത്തം, ജാഗ്രത, സൂക്ഷ്മത, കവിത, ലാളിത്യം, സൗഹൃദം, ...ഇതെല്ലാമുള്ള ഒരു ജീവിതം, ലോകം സ്വപ്നം കാണുന്നവരുടെ ഒത്തുചേരലാകുന്നു ഈ പത്രം.*


നല്ല കാര്യങ്ങൾ ഏറ്റവും സമീപത്തു തന്നെ ഉള്ളവയാണ്. ശ്വാസം, നിങ്ങളുടെ കണ്ണുകളിൽ പതിക്കുന്ന പ്രകാശം, കാലടികളിൽ വീണുകിടക്കുന്ന പൂക്കൾ, കയ്യിലുള്ള ചുമതലകൾ, തൊട്ടുമുന്നിലെ പാതകൾ...എല്ലാം നമ്മുടെ ചാരത്തുതന്നെയുള്ളവ തന്നെ. ജീവിതത്തിലെ ലളിതവും സാധാരണവുമായ കാര്യങ്ങളെ അതിന്റെ സ്വാഭാവികതയോടെ ചെയ്താൽ മതി. അന്നന്നുള്ള കാര്യങ്ങളും അന്നന്നുള്ള അപ്പവും തന്നെയാണ് ജീവിതത്തിലെ ഏറ്റവും മധുരതരമായത്.

**-റോബർട്ട് ലൂയിസ് സ്റ്റീവൻസൻ**



അതിരാവിലെ ഉണർന്ന് മൊത്തവ്യാപാരകേന്ദ്രത്തിൽ പോയി മീനോ പച്ചക്കറിയോ പഴവർഗ്ഗങ്ങളോ വാങ്ങി നാട്ടിൻപുറങ്ങളിൽ കൊണ്ട് വന്ന് വിറ്റ് അന്നന്നത്തെ അന്നം നേടുന്നവർ. ഓരോ ദിവസവും ഓരോ സ്ഥലത്ത് വേലക്ക് പോയി വീട് പുലർത്തുന്നവർ. നിശ്ചിതശമ്പളം പറ്റി വ്യാപാര സ്ഥാപനങ്ങളിലോ മറ്റോ ജോലി ചെയ്തുജീവിക്കുന്നവർ.ഇങ്ങനെയുള്ള സാധാരണക്കാരിൽ സാധാരണക്കാരായ ആളുകളുടെ ജീവിതം എത്ര ആനന്ദകരമാണ് ! എത്തിപ്പിടിക്കേണ്ട പദവികളെപ്പറ്റി, വെട്ടിപ്പിടിക്കേണ്ട സാമ്രാജ്യങ്ങളെപ്പറ്റി, വാരിക്കൂട്ടേണ്ട സമ്പത്തിനെപ്പറ്റി, അടിച്ചെടുക്കേണ്ട പ്രശസ്തിയെപ്പറ്റി, ആകുലതകളോ വ്യാകുലതകളോ ഒന്നും അവർക്കില്ല. ക്ലബ്ബിന്റെയോ സംഘടനയുടെയോ അധ്യക്ഷപദവി അവരെ മോഹിപ്പിക്കുന്നില്ല. പദവിയിൽ ആരെങ്കിലും തന്നെ മുൻകടക്കുമോ എന്ന ഭയം അവരുടെ ഉറക്കം കെടുത്തുന്നില്ല .പത്രങ്ങളുടെ മൂന്നാം പേജിൽ തന്റെ പടം ഉണ്ടാവില്ലേ എന്ന ആശങ്ക അവരെ തീണ്ടുന്നില്ല. തന്റെ സ്ഥാനത്തേക്ക് നോട്ടമിട്ടിരി ക്കുന്നവർക്കെതിരെ ഏതെങ്കിലും ഉപായങ്ങൾ ആലോചിക്കേണ്ടതായി അവർക്കില്ല. ജീവിതം അവരെ സംബന്ധിച്ചിടത്തോളം ആനന്ദകരമായ ഒരനുഭവമാണ്.

**സാധാരണക്കാരിൽ നിന്ന് പഠിക്കുക ....** *പേജ് 4*



അസുഖബാധിതനായി പൊതുജീവിതത്തിൽ നിന്ന് വിരമിച്ച മാർക്വേസ് കുറിച്ചിട്ട വിടവാങ്ങൽ കത്ത്

**ഞാൻ കുറച്ചുറങ്ങും, കൂടുതൽ സ്വപ്നം കാണും. കാരണം നാം കണ്ണടക്കുന്ന ഓരോ നിമിഷവും വെളിച്ചത്തിന്റെ അറുപതു സെക്കന്റുകൾ നഷ്ടമാകുകയാണല്ലോ..**

# ഞാൻ കുറച്ചുറങ്ങും, കൂടുതൽ സ്വപ്നം കാണും

കുറേക്കൂടി സമയം ഈ ലോകത്ത് ലഭിക്കുമായിരുന്നെങ്കിൽ അതു ഞാൻ കഴിവിന്റെ പരമാവധി ഉപയോഗപ്പെടുത്തുമായിരുന്നു. എന്റെ മനസ്സിലുള്ളതെല്ലാം പറയുമായിരുന്നില്ലെങ്കിലും, പറയുന്നത് കൂടുതൽ ചിന്താമൃതമാക്കുമായിരുന്നു. സംഗതികൾ എന്താണ് എന്ന നിലയിലല്ല, അവ എന്ത് ആവിഷ്കരിക്കാൻ ശ്രമിക്കുന്നു എന്ന നിലയിൽ അവയ്ക്ക് മൂല്യം കൽപ്പിക്കുമായിരുന്നു. ഞാൻ കുറച്ചുറങ്ങും, കൂടുതൽ സ്വപ്നം കാണും. കാരണം നാം കണ്ണടക്കുന്ന ഓരോ നിമിഷവും വെളിച്ചത്തിന്റെ അറുപതു സെക്കന്റുകൾ നഷ്ടമാകുകയാണല്ലോ. മറ്റുള്ളവർ നിൽക്കുമ്പോൾ ഞാൻ നടക്കും. അവർ ഉറങ്ങുമ്പോൾ ഉണർന്നിരിക്കും. എനിക്ക് കുറേക്കൂടി സമയം ജീവിക്കാൻ ലഭിക്കുമായിരുന്നെങ്കിൽ, ഞാൻ ലളിത വസ്ത്രധാരിയായി സൂര്യനു മുമ്പിൽ നിൽക്കുമായിരുന്നു. എന്റെ ശരീരം മാത്രമല്ല, ആത്മാവ് മുഴുവൻ സവിതാവിന്റെ കാരുണ്യത്തിനായി തുറന്നുവെക്കുമായിരുന്നു.എല്ലാവർക്കുമായി ഞാൻ കൂട്ടിച്ചേർക്കട്ടെ, പ്രായമാകുന്നതോടെ പ്രേമം നിലയ്ക്കുന്നുവെന്ന് കരുതുന്നവർ മഠയൻമാരാണ്. പ്രേമിക്കാതെ ഊഷരമായിത്തീരുമ്പോഴാണ് പ്രായം പിടികൂടുന്നതെന്ന് അവർ അറിയുന്നില്ലല്ലോ.

ഞാൻ കുഞ്ഞുങ്ങൾക്ക് ചിറകുകൾ നൽകും. സ്വയം പറന്നു പരിശീലിക്കാനായി അതവർക്ക് സ്വന്തമായി നൽകും. വൃദ്ധജനങ്ങളോട് പറയും, പ്രായമാകുന്നതിനനുസരിച്ചല്ല മരണം വന്നെത്തുന്നത്, മറിച്ച് ഓർമ്മകൾക്ക് നാശം നേരിടുമ്പോഴാണ്. ഞാൻ നിങ്ങളുടെ കൂടെ ജീവിച്ച് ധാരാളം കാര്യങ്ങൾ പഠിച്ചു. എല്ലാവരും പർവ്വതങ്ങൾക്കു നെറുകെ ജീവിക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ അവിടെ എത്താൻ എടുത്ത യാത്രയാണ് യഥാർത്ഥ സന്തോഷം നൽകുന്നതെന്ന് അവർ അറിയുന്നില്ല. കുന്നിനു മുകളിൽ എത്താൻ എന്തു രൂപമാണ് കൈക്കൊണ്ടത് എന്നതാണ് ജീവിതത്തിനു സന്തോഷം നൽകുന്നത് എന്ന് ഓർക്കുന്നുമില്ല. കുഞ്ഞ് അതിന്റെ കൈ കൊണ്ട് അച്ഛന്റെ വിരലുകൾ പിടിക്കുമ്പോൾ, ശിഷ്ടകാലം അതിൻമേൽ കുടുങ്ങിപ്പോകുകയാണെന്ന് അറിയുന്നില്ല. ഊഴിയിൽ നിന്ന് ഉയരാൻ ഒരാൾക്ക് സഹായം വേണ്ടപ്പോൾ അത് നൽകുക ഒരാളുടെ അവകാശവും കർത്തവ്യവുമാണെന്ന് ഞാൻ പഠിച്ചു.

നിങ്ങൾ ചിന്തിക്കുന്നതല്ല, ഹൃദയത്തിൽ അനുഭവിക്കുന്നതാണ് പുറത്തു പറയേണ്ടത്. ഈ നിമിഷം നിങ്ങളുടെ അവസാനമാണ് എന്ന് അറിയാൻ എനിക്ക് കഴിഞ്ഞെന്നിരിക്കട്ടെ., എങ്കിൽ ഞാൻ നിങ്ങളെ സർവ്വശക്തിയുമെടുത്ത് ആശ്ലേഷിച്ച് നിങ്ങളുടെ രക്ഷാ മാലാഖയായി എന്നെ മാറ്റാൻ പ്രാർത്ഥിക്കുമായിരുന്നു. ഇതാണ് നിങ്ങളെ ഞാൻ അവസാനമായി കാണുന്ന നിമിഷമെങ്കിൽ, ഞാൻ പറയുമായിരുന്നു, നിങ്ങളെ ഞാൻ സ്നേഹിക്കുന്നുവെന്ന്. എല്ലായ്പ്പോഴും ഒരു നാളെയുണ്ട്. ജീവിതം നമുക്ക് ശരിയായി കാര്യങ്ങൾ നിർവ്വഹിക്കാൻ ഒരവസരം തരുന്നു. എന്നാൽ ഞാനീ പറയുന്നത് തെറ്റാണെങ്കിൽ ഇന്നീ ദിനം മാത്രമാണ് ശേഷിക്കുന്നത് എങ്കിൽ, ഞാൻ നിങ്ങളെ എത്ര മാത്രം സ്നേഹിക്കുന്നുവെന്നും ഒരിക്കലും നിങ്ങളെ ഞാൻ മറക്കില്ല എന്നും പറയാൻ ഇഷ്ടപ്പെടുമായിരുന്നു. ചെറുപ്പക്കാർക്കാകട്ടെ, പ്രായം ചെന്നവർക്കാകട്ടെ നാളെ ഒന്നും ഉറപ്പ് നൽകുന്നില്ല. ഇന്നാകും നിങ്ങൾ സ്നേഹിക്കുന്നവരെ കാണാനുള്ള അവസാന അവസരം. അതുകൊണ്ട് കാത്തിരിക്കരുത്. ചെയ്യാനുള്ളത് ഇന്നു തന്നെ പൂർത്തിയാക്കുക. നാളെ ഒരിക്കലും വന്നുചേർന്നില്ല എന്നു വരാം. ഇന്നൊരു പുഞ്ചിരി സമ്മാനിക്കാൻ, ചുംബനം നൽകാൻ, ആശ്ലേഷം പകരാനുള്ള അവസരം നഷ്ടപ്പെടുത്തുകയാണെങ്കിൽ; അവർക്ക് അവരുടെ അവസാനത്തെ ആഗ്രഹം നിറവേറ്റാനാവാത്തവിധം നിങ്ങൾ ധൃതി കൈക്കൊള്ളുകയാണെങ്കിൽ, തീർച്ചയായും ഖേദിക്കേണ്ടി വരും.

## ഉള്ളടക്കം

സ്വാർത്ഥത, ഭയം സ്നേഹരാഹിത്യം ഇവയാണ്
ഇന്ന് നമ്മുടെ നിരത്തിനെ പൊതുഇടങ്ങളെ ഭരിക്കുന്നത് 4

കുർബാന അർപ്പിക്കാനും മതം മാറ്റാനും നിയോഗിക്കപ്പെട്ട ഒരു ഇറ്റാലിയൻ പാതിരി നാടിനെയും മണ്ണിനെയും ഭൂപ്രകൃതിയേയു ഹരിതാഭമാക്കിയതിനെക്കുറിച്ച്.. 6

പാഠഭേദം മാസികയുടെ
വേറിട്ട പത്രമാർഗ്ഗം 8

*പ്രതികരണം*

*ഓഫീസിൽ ജോലി കുറവുള്ളപ്പോൾ പിന്നിലുള്ള കടലുണ്ടിപ്പുഴയും തേർഡ് ഫ്ളോറിലെ ജനലിലൂടെ എത്തിനോക്കുന്ന ഗുൽമോഹർ മരത്തിൽ തേൻ കുടിക്കാൻ വരുന്ന പക്ഷികളെയും നോക്കിയിരിക്കുക പതിവായിരുന്നു. ഇപ്പോഴാണ് അതിന് ഒരു പേര് കിട്ടിയത്. 'പക്ഷിധ്യാനം'.*

*-ഇബ്രാഹിം, വോയ്സ് ലൈബ്രറി, എടവണ്ണ*

# നിരത്തിൽ കാണാതാവുന്ന

# നല്ലശമര്യാക്കാർ

**റോഡപകടത്തിന് കാരണക്കാരാവുന്നവരെ നിയമത്തിന് മുമ്പിൽ ഹാജരാക്കി വിചാരണ ചെയ്യാൻ സഹായിക്കുന്നതിലൂടെ ഭാവിയിൽ ഉണ്ടാകാവുന്ന അപകടം കൂടി ഇല്ലാതാക്കാനും ഓരോരുത്തർക്കും കടമയുണ്ട്.സാധാരണക്കാരായ വഴിയാത്രക്കാരുടെ കരുണാവായ്പുകൾക്കായി നമ്മുടെ നിരത്തുകൾ കാത്തിരിക്കുന്നു.**

ലിമാ എഡിറ്റ് ഡെസ്ക്

വഴിയിൽ പരിക്കേറ്റ് കിടക്കുന്ന ഒരു വഴിയാത്രക്കാരന്റെ കഥ ബൈബിളിലുണ്ട്. അതുവഴി കടന്നുവന്ന പുരോഹിതനും യഹൂദപ്രമാണിയും മൃതപ്രായനായികിടക്കുന്ന വഴിയാത്രക്കാരനെ ശ്രദ്ധിക്കാതെ കടന്നുപോകുമ്പോൾ സമൂഹത്തിലെ കീഴാളനായി മുദ്രകുത്തപ്പെട്ട ശമര്യാക്കാരനായ ഒരു വഴിയാത്രക്കാരൻ ആ യാത്രികനെ പരിചരിക്കുകയും അടുത്തുള്ള സത്രത്തിൽ ചെന്ന് കൊണ്ടാക്കി വേണ്ട ചികിത്സയും മറ്റും നൽകുകയും ചെയ്തു.

പുതിയ കാലത്തും നിരത്തിൽ നല്ല ശമര്യകാരനെ കണ്ടുകിട്ടാൻ വിഷമ മായിരിക്കുന്നു എന്നാണ് അനുഭവം. വരുന്നവരും പോകുന്നവരും മൊബൈൽ ക്യാമറയിൽ പകർത്തിയും കാഴ്ചക്കാരനായി നിന്നും പരിക്കേറ്റയാളിന് ശുദ്ധവായു പോലും നിഷേധിക്കുന്നു. അപകടങ്ങൾ ഉണ്ടാവുമ്പോൾ പെട്ടെന്ന് ഓടിക്കൂടുന്ന (വാഹനങ്ങൾ പിടിച്ചും) കാഴ്ചക്കാർ ഉണ്ടാക്കുന്ന തിക്കും തിരക്കും ഗതാഗതതടസ്സവുമാണ് രക്ഷാപ്രവർത്തനത്തിന് പ്രയാസമുണ്ടാക്കുന്നതെന്ന് അനുഭവസ്ഥർ പറയുന്നു. അപകടം ശ്രദ്ധയിൽപെട്ടാൽ രക്ഷാപ്രവർത്തനം നടത്താനുള്ള സന്നദ്ധതയും സൗകര്യവും ഇല്ല എന്ന് സ്വയം മനസ്സിലാക്കി അത്തരക്കാർ രംഗം വിടുകയാണ് രക്ഷാപ്രവർത്തനത്തിന് സഹായകരമാകുന്നത്.

കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ 2011 ലെ കണക്കുപ്രകാരം 1,42,485 പേരാണ് ആ വർഷത്തിൽ നിരത്തിൽ അപകട മരണത്തിൽ പെട്ടത്. ഇത് ലോകത്തിലെ തന്നെ ഉയർന്ന നിരക്കാണ്. റോഡപകടങ്ങൾ ഇന്ത്യയിൽ വർഷം തോറും 5.5% കണ്ട് വർദ്ധിക്കുന്നതായും പഠനമുണ്ട്.

എന്നാൽ ഞെട്ടിപ്പിക്കുന്ന മറ്റൊരു വിവരമിതാണ്. ഇന്ത്യയിൽ റോഡ് അപകടത്തിന്റെ ആഘാതം കൊണ്ടല്ല മറിച്ച് പരിക്കേറ്റയാളിന് പ്രഥമ ശുശ്രൂഷ നൽകാത്തതിനാലാണത്രേ മിക്കപ്പോഴും മരണം സംഭവിക്കുന്നത് ! റോഡിൽ വഴിയാത്രക്കാരനായും സഹയാത്രികനായും എത്തുന്നവർ ദുരന്തങ്ങളിൽ ഇടപെടുന്നതിന് പകരം കാഴ്ചക്കാരനായി നോക്കിനിൽക്കുന്ന പ്രവണത വർദ്ധിക്കുകയാണ്. ആശുപത്രിയിൽ എത്തിക്കാതെ റോഡിൽ കിടന്ന് രക്തം വാർന്ന് മരണപ്പെടുന്നവരുടെ വാർത്തകളാണ് എന്നും കേൾക്കുന്നത്.അടിയന്തിര വൈദ്യസഹായം ആവശ്യമുള്ള Golden hour എന്ന് വിശേഷിപ്പിക്കപ്പെടുന്ന സമയം ഏറെ




സാധാരണത്തം

## സാധാരണക്കാരിൽ നിന്ന് പഠിക്കുക

*അബു ജുമാൻ*

നിങ്ങൾ നിങ്ങളുടെ പദവികളോടും സ്ഥാനങ്ങളോടും വലിയ പദ്ധതികളോടും മോഹങ്ങളോടും വിടപറഞ്ഞ് വെറുമൊരു സാധാരണക്കാരനായി നോക്കൂ. ജീവിതത്തിന്റെ രസവും ആനന്ദവും എന്താണെന്ന് നിങ്ങൾക്ക് അപ്പോൾ മനസ്സിലാവും. വലിയ ഫീസ് കൊടുത്ത് 'ആനന്ദജീവിതത്തി'ത്തിന്റെ പരിശീലന ശിബിരങ്ങളിൽ പങ്കെടുത്താൽ കിട്ടുന്നതല്ല ജീവിതാനന്ദം .എങ്ങനെ സന്തോഷകരമായി ജീവിക്കാം എന്ന പുസ്തകം വായിച്ചുപഠിക്കാനാവില്ല. ജീവിച്ചുതന്നെയാണ് അത് പഠിക്കേണ്ടത്. ഉള്ളതിൽ സന്തോഷം കണ്ടെത്തുമ്പോഴാണ് അല്ലാതെ ഇല്ലാത്തതെല്ലാം ഉണ്ടാക്കണം എന്നു വാശിപിടിക്കുമ്പോഴല്ല ജീവിതം ആനന്ദകരമായിത്തീരുക. ബഹുരാഷ്ട്രകമ്പനികളുടെ സി.ഇ.ഒ മാരിൽ നിന്നല്ല. നമ്മുടെ ചുറ്റുമുള്ള വെറും സാധാരണക്കാരിൽ



പ്രധാനപ്പെട്ടതാണ് എന്ന് ആരോഗ്യപ്രവർത്തകർ പറയുന്നു. അപകടത്തിൽ പെടുന്നയാളെ സഹായിക്കാൻ മുതിർന്നാൽ പോലീസ് സ്റ്റേഷനും കോടതിയും കയറി നടക്കണം എന്ന പതിവ് പല്ലവിയാണ് പലരും ന്യായീകരണമായി പറയുന്നത്. എന്നാൽ രക്ഷാപ്രവർത്തനം പോലെതന്നെ പ്രധാനമാണ് അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുമായി സഹകരിക്കുക എന്നത് പലരും മറന്നുപോകുന്നു. അൽപ്പംപോലും ബുദ്ധിമുട്ട് അനുഭവിക്കാൻ മനസ്സിലായ്മ പുലർത്തുന്നവർ അപകടത്തിൽപെട്ടയാളിനെ മരണത്തിലേക്ക് തള്ളിവിടുന്നതിന് പുറമേ കൂടുതൽ കൂടുതൽ അപകടങ്ങൾ വരുത്തിവെക്കാനുള്ള അതുവഴി കൂടുതൽ പേരെ മരണത്തിലേക്ക് തള്ളിവിടാനുള്ള സാഹചര്യമുണ്ടാക്കുകയാണ് ചെയ്യുന്നത്. എങ്ങനെയെന്നല്ലേ ? ഒരു അപകടം ഉണ്ടാകുമ്പോൾ രണ്ട് കാര്യങ്ങളാണ് സംഭവിക്കുന്നത്. ഒന്ന് ഒരാളുടെ ജീവൻ അപകടത്തിലാവുന്നു. രണ്ട് അശ്രദ്ധമായി വണ്ടി ഓടിച്ചു അപകടം ഉണ്ടാക്കിയ ഒരു കുറ്റകൃത്യം നടക്കുന്നു. ഈ രണ്ട് സംഗതികളിലും അപകടസമയത്ത് സ്ഥലത്തുണ്ടാകുന്നവർ ഇടപെടേണ്ടിയിരിക്കുന്നു. അപകടം നടക്കുമ്പോൾ രക്ഷാപ്രവർത്തനം നടത്തുന്നതിനൊപ്പം അപകടത്തിന് ഉത്തരവാദിയായവരെ നിയമത്തിനു മുന്നിലെത്തിക്കുന്നതിന് നടപടി എടുക്കുന്ന ചുമതല കൂടിയാണ് ഭരണകൂടത്തിന് വേണ്ടി പോലീസ് ഏറ്റെടുക്കുന്നത്. റോഡപകടങ്ങൾക്ക് കാരണം പ്രധാനമായും അശ്രദ്ധമായ വാഹനം ഓടിക്കൽ തന്നെ.! അപകടരമായ അശ്രദ്ധ ഒരു കുറ്റമായി നിയമം കാണുന്നു. ശ്രദ്ധയില്ലായ്മ (Negligance) ഒരു കുറ്റം തന്നെയാണ്. അശ്രദ്ധകൊണ്ട് വിലപ്പെട്ട പത്തിലേറെ ജീവൻ അപായപ്പെടുത്തിയ ബസ്ഡ്രൈവർ പോലും സംശയാതീതമായി കുറ്റം തെളിയിക്കാൻ സാധിക്കാത്തതിനാൽ വിട്ടയക്കപ്പെടുന്ന വാർത്തകൾ വായിക്കുമ്പോൾ കോടതിമുറിയിൽ കൃത്യമായി ദൃക്സാക്ഷിയുടെ റോൾ നിർവ്വഹിക്കാത്ത സഹയാത്രികരെക്കുറിച്ച് ആരും ഓർക്കാറില്ല. അതിനാൽ പരിക്ക് പറ്റിയ ആളെ രക്ഷപ്പെടുത്തിയ കുറ്റവാളിയെ നിയമത്തിന് മുമ്പിൽ ഹാജരാക്കി വിചാരണ ചെയ്യാൻ സഹായിക്കുന്നതിലൂടെ ഭാവിയിൽ ഉണ്ടാകാവുന്ന അപകടം കുടി ഇല്ലാതാക്കാനും നല്ല ശമര്യാക്കാരന് പങ്കുണ്ട്.

ഇന്ത്യൻ ജേണൽ ഓഫ് സർജറി 2006 ൽ നടത്തിയ പഠനപ്രകാരം അപകടത്തിന് ശേഷമുള്ള അടിയന്തര നിമിഷങ്ങളിൽ 80 ശതമാനം പേർക്കും അടിയന്തിര വൈദ്യസഹായം ലഭിക്കുന്നില്ല എന്നാണ്.സോഷ്യൽ സൈക്കോളജിസ്റ്റുകൾ വഴിയാത്രക്കാരുടെ ഈ മനോഭാവത്തെ വിളിക്കുന്നത് ബൈസ്റ്റാൻഡർ ഇഫക്ട് എന്നാണ്. സ്ഥലത്ത് കൂടുന്ന ആളുകളുടെ എണ്ണം കൂടുന്തോറും മറ്റാരെങ്കിലും സഹായിക്കട്ടെ എന്ന നിലപാടിൽ വിട്ടുനിൽകാനുള്ള പ്രവണതയാണ് കണ്ടുവരുന്നത്.

എന്തുകൊണ്ടാണ് നല്ല ശമര്യാക്കാർ റോഡിൽ ഇല്ലാതാവുന്നത്? സ്വാർത്ഥത, നിസ്സംഗത, കാരുണ്യമില്ലാത്ത മനസ്സ്.....ഇവയൊക്കെയാവാം കാരണം.എന്തായാലും നമ്മുടെ നിരത്തുകൾ കൂടുതൽ കാരുണ്യനിർഭരമാകേണ്ടിയിരിക്കുന്നു.

നിന്നാണ് ജീവിതാനന്ദത്തിന്റെ പാഠങ്ങൾ നമുക്ക് പഠിക്കാൻ കഴിയുക.ഇന്റർനെറ്റിൽ നിന്നും പാഠങ്ങൾ ചുമടെടുക്കുന്നതിന് പകരം അയൽപ്പക്കത്തെ ചെറിയ വീടുകളിലേക്ക്, പണിശാലകളിലേക്ക്, പെട്ടിക്കടകളിലേക്ക് നോക്കുക. ജീവിതത്തിന്റെ നൂറുനൂറു പാഠങ്ങൾ സചേതനമായി നിലകൊള്ളുന്നത് കാണാം.

തേങ്ങവലിക്കാരൻ ചന്തു. തുന്നൽപണിക്കാരൻ രാജൻ, കൈകോട്ടു പണിക്കാരൻ കേളു. നെയ്യപ്പം ചുടുന്ന ഉമ്മയ്യ, ടൈൽസ് പണിക്കാരൻ ഷാജി. മീൻകച്ചവടക്കാരൻ റസാക്ക്, വിറക് കീറുന്ന രാമൻ, ചായക്കട നടത്തുന്ന അബു, ചുമട്ടുകാരൻ വർക്കി ഇവരാണ് ജീവിതാനന്ദത്തെക്കുറിച്ച് നിങ്ങളെ ശരിയായ പാഠങ്ങൾ പഠിപ്പിക്കുക. വാൾസ്ട്രീറ്റിലെ ഓഹരിച്ചൂതാട്ടക്കാരേക്കാൾ ഇവരെ നിങ്ങൾക്ക് വിശ്വസിക്കാം. സത്യസന്ധതയുടെ ഉപ്പും ആത്മാർത്ഥതയുടെ മണവും സ്നേഹത്തിന്റെ എരിവും ഇവർ പറയുന്ന കഥകൾക്കുണ്ട്. രണ്ട് പെൺമക്കളെ നൽകി ഉപേക്ഷിച്ചുപോയ ഭർത്താവിനെ പഴിച്ചു കാലം കഴിക്കുന്നതിന് പകരം ആൺതുണയില്ലാതെയും മക്കളെ വളർത്താം എന്ന് കാണിച്ചുതരുന്നു പൊടിമില്ലിലെ പണിക്കാരി സാബിറ. കിണർ കുഴിക്കുന്ന ത്രേസ്യയും പെൺകരുത്തിന്റെ കഥ പറയുന്നു. കുറിനടത്തിയാണ് ലളിത തന്റെ ഇല്ലായ്മകളോട് പൊരുതുന്നത്.

ആശാരിയും കൊല്ലനും ചെരുപ്പുകുത്തിയും നമ്മെ സ്വാശ്രയത്വത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുന്നു. അന്തസ്സും ആഭിജാത്യവുമുള്ളവരാണവർ.അവരുടെ പണിയായുധങ്ങളാണ് അവരെ സ്വതന്ത്രരും ധീരരുമാക്കുന്നത്. ഗുമസ്തനെപ്പോലെ അവർക്ക് സുപ്രണ്ടുമാരെ വണങ്ങേണ്ടതില്ല. മേലുദ്യോഗസ്ഥരെ പേടിക്കേണ്ടതില്ല. നികുതി പിരിവുകാർക്ക് മുമ്പിൽ കള്ളക്കണക്കുകൾ ഹാജരാക്കേണ്ടതില്ല. ഇതാകുന്നു സാധാരണക്കാരുടെ മഹത്വം.

*( ചന്ദ്രിക ആഴ്ചപ്പതിപ്പ് )*



വര ഡോ. റ്റി. റഹിമാൻ

ഫാദർ വില്യം ലൊനാർഡി

ചന്ദ്രബാബു തൃക്കലങ്ങോട്

**കുർബാന അർപ്പിക്കാനും മതം മാറ്റാനും നിയോഗിക്കപ്പെട്ട ഒരു ഇറ്റാലിയൻ പാതിരി ആ ദൗത്യം മറന്ന് നാടിനെയും മണ്ണിനെയും ഭൂപ്രകൃതിയേയും തന്റെ കർമ്മം കൊണ്ട് ഹരിതാഭമാക്കിയതിനെക്കുറിച്ച്...**

പുഴകളും കിണറുകളും കുളങ്ങളുമെല്ലാം ഏറെ ജലസമൃദ്ധമായിരുന്ന 1969 ലാണ് മലപ്പുറം ജില്ലയിലെ മഞ്ചേരിക്കടുത്ത തൃക്കലങ്ങോട് കൂനം പൂവത്തിയിലെ നാട്ടിൻപുറത്തുകാരായ ജനങ്ങളോട് മഴവെള്ളം പാഴാക്കികളയേണ്ടതല്ലെന്നും വേനൽകാലത്തേക്ക് സംഭരിച്ചുവെക്കേണ്ടതാണെന്നും ഇറ്റാലിയൻ പാതിരി ആയ ഫാദർ വില്യം ലൊനാർഡി പറഞ്ഞത്. 12 സെന്റ് സ്ഥലത്ത് മഴവെള്ള സംഭരണിയുടെ പണികൂടി തുടങ്ങിയതോടെ നാട്ടുകാർ ലൊനാർഡി പാതിരിയുടെ പതിവ് വിഡ്ഢിത്തരങ്ങളുടെ പട്ടികയിൽ 1ാംനമ്പ്രായി അതെഴുതിച്ചേർത്ത് ചിരിച്ചു. പക്ഷേ കാലം ആ ചിരി മായ്ച്ചുകളയുകയും പാതിരിയുടെ വിഡ്ഢിത്തരത്തെ മനസാ സ്വീകരിക്കുകയും ചെയ്തു എന്നത് ചരിത്രം.

കണ്ണൂരിലെ ചിറക്കലിൽ നിന്ന് മഞ്ചേരി ലെത്തീൻ കത്തോലിക്കാ പള്ളിയുടെ വികാരിയായി എത്തിചേർന്ന ഇറ്റലിക്കാരനായ ഫാദർ വില്യം ലൊനാർഡി എന്ന പുരോഹിതന്റെ മനസ്സ് പുരോഹിതവൃത്തിയുടെ ചട്ടക്കൂടിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി ജീവിതം സമർപ്പിച്ച അദ്ദേഹം പൗരോഹിത്യത്തിന്റെ ചുമതലകൾ തന്നെ ഒരുവേള മറന്നുപോയതുപോലെ തോന്നിച്ചു. അഥവാ ജനസേവനമാണ് പൗരോഹിത്യത്തിന്റെ ലക്ഷ്യമെന്ന് അദ്ദേഹം കാണിച്ചുകൊടുക്കുകയുമായിരിക്കാം. തൃക്കലങ്ങോട് പഞ്ചായത്തിലെ കൂനംപൂവത്തിയിലെ 13 ഏക്കർ കുന്നിൻചെരിവ് സ്വന്തമായി വാങ്ങിക്കുകയും പള്ളി പണിയാൻ വേണ്ടി ഉദ്ദേശിച്ചിരുന്ന സ്ഥലത്ത് കുടിലുകെട്ടി നാട്ടുകാരെ ആശാരിപ്പണി പഠിപ്പിക്കുന്ന പണിശാല ആരംഭിക്കുകയും ചെയ്തു. കണ്ണൂരിൽ നിന്ന് കല്ലുവെട്ട് തൊഴിലാളികളെ കൊണ്ട് വന്ന് ചെങ്കല്ലുവെട്ടി ചെരിവുകൾ നിരത്തി തിട്ടകൾ പണിതുയർത്തി കൃഷിയോഗ്യമായി മാറ്റുകയും ചെയ്തു. തരിശും ചെങ്കൽ കല്ല് നിറഞ്ഞതുമായ പ്രദേശത്തെ ജൈവസമ്പന്നമാക്കുകയും ചെയ്തു. വാഴ, തക്കാളി, വഴുതന, കപ്പ തുടങ്ങിയ പച്ചക്കറികളും നാട്ടുകാർക്ക് അന്നേ വരെ പരിചിതമല്ലാതിരുന്ന വിവിധയിനം മാവുകൾ ,തെങ്ങുകൾ, മറ്റുഫലവൃക്ഷങ്ങളും വ്യാപകമായി കൃഷി ചെയ്തു. മതപരിവർത്തനത്തിനു വന്ന ലൊനാർഡി പാതിരി നാട്ടുകാരുടെ മനപരിവർത്തനമാണ് നടത്തിയത്. കൃഷി ജീവിതത്തിന്റെ ഭാഗമാണ് എന്ന പാഠം അദ്ദേഹം നാട്ടുകാരെ പഠിപ്പിച്ചു.

നാട്ടുകാരെ സംഘടിപ്പിച്ചുകൊണ്ടാണ് കൃഷിജോലികൾ ചെയ്തിരുന്നത്. രാവിലെ നേരത്തെ

# വർഷകാലം ലൊനാർഡിയച്ചനെ ഓർമ്മിപ്പിക്കുമ്പോൾ..



വര ഡോ. ടി. റഹിമാൻ

**കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് മലയാളികൾ ഒരിക്കലും കേട്ടിട്ടുപോലുമില്ലാതിരുന്ന, വെള്ളം സംഭരിക്കേണ്ടതാണ് എന്ന് സ്വപ്നത്തിൽപോലും വിചാരിക്കാതിരുന്ന 45 വർഷം മുമ്പുള്ള കാലത്താണ് ഫാദർ ലൊനാർഡി മഴവെള്ള സംഭരണികൾ പ്രാവർത്തികമാക്കിയത്**

തുടങ്ങുന്ന കൃഷിപ്പണി 11 മണിയോടെ അവസാനിപ്പിച്ച് അന്നത്തെ കൂലി കൊടുത്ത് പറഞ്ഞുവിടും .കൂടെ വിളവെടുത്ത പച്ചക്കറികളിൽ നിന്ന് ഒരു പങ്കും. കൃഷിപണികളിൽ പങ്കെടുത്തിരുന്ന പി.കെ പാത്തുമ്മക്കുട്ടി, ഫാദർ ലൊനാർഡിയെ ഓർമ്മിച്ചുകൊണ്ട് പറഞ്ഞു. പണിക്കാരുടെ കൂടെ എല്ലാ ജോലി ചെയ്യാനും ഫാദറും ഒപ്പമുണ്ടായിരുന്നു. ഒരിക്കൽപോലും പണിക്കാരോട് മുതലാളിയെപ്പോലെ പെരുമാറിയിരുന്നില്ല എന്നും ഒരു സമ്മർദ്ദം പോലും പണിക്കാരിൽ ചെലുത്തിയില്ല എന്നും നാട്ടുകാർ ഓർമ്മിക്കുന്നു.

വേനലിൽ ജലദൗർലഭ്യം അനുഭവപ്പെട്ടിരുന്ന പ്രദേശത്ത് നീർമ്മറി പ്രദേശം കണ്ടെത്തി ഫാദർ ലൊനാർഡി നിർമ്മിച്ച അടിത്തട്ടോളം ഇറങ്ങിച്ചെല്ലാൻ കഴിയും വിധം പടവുകളോടു കൂടിയ ചതുരകിണർ ഇന്നും (പഞ്ചായത്ത് ഏറ്റെടുത്ത് രൂപഭേദം വരുത്തി) ജലസമൃദ്ധമാണ്. കൃഷി ആവശ്യത്തിന് വേണ്ടി അഞ്ചോളം വലിയ മഴവെള്ള സംഭരണികൾ ലൊനാർഡി നിർമ്മിച്ചിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം തന്നെ അദ്ദേഹത്തിന്റെ കാലശേഷം ഭൂമി ജനങ്ങൾക്ക് വീതിച്ചുനൽകിയതോടെ മഴവെള്ള സംഭരണികളെ അവഗണിക്കുകയും പലതും നശിപ്പിക്കപ്പെടുകയും ചെയ്തു.

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് മലയാളികൾ ഒരിക്കലും കേട്ടിട്ടുപോലുമില്ലാതിരുന്ന,വെള്ളം സംഭരിക്കേണ്ടതാണ് എന്ന് സ്വപ്നത്തിൽപോലും വിചാരിക്കാതിരുന്ന 45 വർഷം മുമ്പുള്ള കാലത്താണ് ഫാദർ വില്യം ലൊനാർഡി മഴവെള്ള സംഭരണികൾ പ്രാവർത്തികമാക്കിയത്. ചില ജന്മങ്ങളങ്ങനെയാണ്. കാലത്തിനു മുമ്പേ ചിന്തിക്കുകയും പ്രവൃത്തിക്കുകയും ചെയ്യും. അവരാണ് യഥാർത്ഥ ജ്ഞാനികളായ ഗുരുക്കന്മാർ.

1971 ൽ താൻ അതുവരെ ജീവിക്കുകയും ഇടക്കെപ്പോഴെങ്ങാനും കുർബാന നടത്തുകയും ചെയ്തിരുന്ന തന്റെ കൊച്ചുവീടിന്റെ കുളിമുറിയിൽ രക്തം ചർദ്ദിച്ചു വീണ ലൊനാർഡി അച്ചനെ ആളുകൾ ആശുപത്രിയിലെത്തിച്ചപ്പോഴേക്കും അദ്ദേഹം മരണത്തിന് കീഴടങ്ങിയിരുന്നു. ഫാദർ ലൊനാർഡിയോടുള്ള സ്നേഹസൂചകമായി കൂനം പൂവത്തിയെന്ന സ്ഥലത്തെ ലൊനാർഡി ഗാർഡൻ അഥവാ അച്ചൻ പറമ്പ് എന്ന് വിളിക്കാൻ തുടങ്ങി. ലൊനാർഡി ഗാർഡനിലുള്ള പുതുതലമുറക്ക് കൂനം പൂവത്തി എന്ന പേര് പോലും കേട്ട ഓർമ്മയുണ്ടാവില്ല. കാലത്തെ ദിവ്യദർശനം ചെയ്ത അവിടെ തന്റെ ആത്മാവിനെ സമർപ്പിച്ച ലൊനാർഡി അച്ചനെക്കുറിച്ചും കേട്ടിരിക്കാനിടയില്ല. ഏതായാലും കുർബാന അർപ്പിക്കാനും മതം മാറ്റാനും നിയോഗിക്കപ്പെട്ട ഒരു ഇറ്റാലിയൻ പാതിരി നാടിനെയും മണ്ണിനെയും ഭൂപ്രകൃതിയേയും തന്റെ കർമ്മം കൊണ്ട് ഹരിതാഭമാക്കുകയായിരുന്നു. *(ഫാദർ ലൊനാർഡിയെക്കുറിച്ച് എഴുതപ്പെട്ട രേഖകളും വിവരങ്ങളും കണ്ടുകിട്ടിയില്ല. ജെയിംസ് പള്ളത്തൊടിയെപ്പൊലുള്ള പ്രദേശവാസികൾ പറഞ്ഞുതന്ന വിവരങ്ങളാണ് ഈ കുറിപ്പിനാധാരം-ലേഖകൻ)*



ഭാഗം 2

# പേടിയില്ല പാഠഭേദത്തിനു വായനക്കാരേയും


*(ലിറ്റിൽ മാഗസിനുകളെക്കുറിച്ച് നിലനിൽക്കുന്ന പല ധാരണകളെയും തിരുത്തിക്കുറിച്ചുകൊണ്ടാണ് പാഠഭേദം മാസിക 25 വർഷക്കാലമായി മലയാളിയുടെ വിചാരങ്ങളിൽ ഇടപെടുന്നത്. മാഗസിൻ ആക്ടിവിസം എന്നതിനെ മലയാളിക്ക് ഇത്രമേൽ പരിചയപ്പെടുത്തിയ മറ്റൊരു പ്രസിദ്ധീകരണവുമില്ല.കേരളത്തിലെ ഒട്ടുമിക്ക ലിറ്റിൽ മാഗസിനുകളുമായും ഇടപെട്ട് പ്രവർത്തിച്ചിട്ടുള്ള **സിവിക് ചന്ദ്രൻ** തന്റെ പാഠഭേദം അനുഭവങ്ങളെ മുൻനിർത്തി ലിറ്റിൽ മാസികയുമായി സംസാരിക്കുന്നു.- എഡിറ്റർ)*

***ലി.മാ.:*** **വാസ്കോഡഗാമയുടെ ഇന്ത്യൻ അധിനിവേശത്തിന്റെ അഞ്ഞൂറാം വാർഷിക പരിപാടിയുടെ പേരിൽ പാഠഭേദം ഏറെ വിമർശനം കേട്ടു. ഫണ്ടിംഗുകൾ വാങ്ങുന്നുവെന്നും മതമൗലികവാദികളുടെ പിന്തുണയുണ്ടന്നും ആരോപണം ഇന്നും പറഞ്ഞു കേൾക്കുന്നു**

അകത്തുനിന്നോ പുറത്തുനിന്നോ ഒരു ഏജൻസികളുടെയും സഹായം സ്വീകരിക്കില്ല എന്ന നിലപാട് പാഠഭേദം നേരത്തെ തന്നെ സ്വീകരിച്ചിരുന്നു.പാഠഭേദത്തിനു മതമൗലികവാദികളുടെ പിന്തുണയുണ്ടായി എന്ന് പറഞ്ഞിരുന്നു. എന്നാൽ അങ്ങനെയല്ല. സിമി പോലെയുള്ള സംഘടനയുടെ ആക്ടിവിസ്റ്റുകൾ ആ പരിപാടിയിൽ ഉണ്ടായിരുന്നു. ഗോവ ഫൗണ്ടേഷന്റെ ഒരു പ്രോജക്ട് ആയിരുന്നു അത്. അവരാണ് സാമ്പത്തിക ചിലവ് നിർവ്വഹിച്ചത്. നമ്മൾ ആതിഥേയരായി മാത്രം. ക്ലോസ് അൽവാരിസ്, ചരിത്രകാരൻ ധരംപാൽ , മുഹമ്മദ് ഇദ്രിസ് ഹാജി മലേഷ്യ എന്നിവരൊക്കെയാണ് അന്ന് പങ്കെടുത്തത്. നമ്മൾ അന്നു ചെയ്തത്. ആർ.എസ്.എസുമായി ബന്ധമുണ്ട് എന്ന് പറഞ്ഞിരുന്ന ചരിത്രകാരൻ ധരംപാലിനെ സിമിക്കും മുഹമ്മദ് ഇദ്രീസ് ഹാജിയെ ആർ.എസ്.എസിനും പരിപാടികൾക്ക് കൈമാറി. ഒരു കൾച്ചറൽ ഡയലോഗ് സാധ്യമാക്കുക എന്നതായിരുന്നു ശ്രമം.

ഒറ്റ പ്രാവശ്യമാണ് പാഠഭേദത്തിന്റെ ചരിത്രത്തിൽ ഒരു ജോയിന്റ് പ്രോഗ്രാം നടത്തിയത്. മുത്തങ്ങ സംഭവത്തിനുശേഷം പെസ ചർച്ച ചെയ്യാൻ വേണ്ടി ഒരു സെമിനാർ പാഠഭേദം നടത്തി. ഡൽഹി കേന്ദ്രമായ ഒരു എൻ.ജി.ഒ ആയ റാസിസ് (RASIS) ആയിരുന്നു കൂടെ. സ്വന്തമായി ഫണ്ടുണ്ടാക്കുന്ന എൻ.ജി.ഒ ആണത്. അവർ സഹായിച്ചിരുന്നു. എല്ലാ എൻ.ജി.ഒ മാരും കോർപറേറ്റ് എൻ.ജി.ഒ മാരല്ല. അന്ന് സെമിനാറിൽ പങ്കെടുത്ത സുനിത നാരായണൻ, ബി.ഡി. ശർമ്മ എന്നീ അതിഥികളുടെ യാത്രാച്ചിലവ് വഹിച്ചത് ഈ എൻ.ജി.ഒ ആയിരുന്നു. ഇതു മാത്രമാണ് പാഠഭേദം ആകെ നടത്തിയ ഒരു ജോയിന്റ് പ്രോഗ്രാം. ഇതുവെച്ചാണ് മാധ്യമംകാർ അടക്കം പാഠഭേദത്തിന്റെ എൻ.ജി.ഒ ബന്ധം എന്ന് വിമർശിച്ചത്.

പിന്നെയുണ്ടായ ഒരു ആരോപണം ആക്ഷൻ എയ്ഡ് (Action Aid) എന്ന എൻ.ജി.ഒ യുമായി ബന്ധപ്പെട്ടതാണ്. ഗുജറാത്ത് സംഭവങ്ങൾക്കെതിരെ നന്നായി പ്രവർത്തിച്ച ഒരു സംഘടനയാണത്. ഗുജറാത്ത് ഇരകളുടെ പുനരധിവാസ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ഒരു എൻ.ജി.ഒ. അവർ ആ സമയത്ത് കുറേ നല്ല പോസ്റ്ററുകൾ ഇറക്കിയിരുന്നു. അതിലെ ഒരു പോസ്റ്റർ പാഠഭേദം അതിന്റെ പുറംകവറിൽ പുനഃപ്രസിദ്ധീകരിച്ചിരുന്നു. രണ്ടാം പാഠഭേദത്തിന്റെ ആദ്യലക്കത്തിലാണ് എന്ന് തോന്നുന്നു. ഗുജറാത്ത് സംഭവത്തിന്റെ സംഗതികൾ സെർച്ച് ചെയ്തപ്പോൾ കിട്ടിയതാണ് ആ പോസ്റ്റർ. നമുക്കാണെങ്കിൽ പുറംകവറിൽ പരസ്യമില്ല. Action aid എന്നു പേരുള്ള ആ പോസ്റ്റർ പരസ്യമല്ല അത് പുനഃപ്രസിദ്ധീകരിച്ചതാണ്. അതാണ് ഫണ്ട് പറ്റിയെന്ന പേരിൽ മാധ്യമം വിമർശിച്ചത്. മാധ്യമം പോലുള്ള ഒരു പ്രസിദ്ധീകരണം പ്രത്യേകിച്ചും ഗുജറാത്ത് പോലുള്ള ഒരു വിഷയത്തിൽ പാഠഭേദം അങ്ങനെ ചെയ്തതിനെ തെറ്റായി ചിത്രീകരിക്കാൻ പാടില്ലാത്തതാണ്. ഇങ്ങനെയൊക്കെയാണ് ആരോപണങ്ങൾ വന്നത്. മാത്രവുമല്ല കാശില്ലാതെ എങ്ങനെയാണ് ഇങ്ങനെ ഒരു പ്രസിദ്ധീകരണം ഇറക്കുക എന്ന് ആളുകൾക്ക് സംശയവുമുണ്ട്. ഞാൻ തിരിച്ചാണ് പറയുന്നത് പാഠഭേദത്തിന് ഒരിക്കലും സാമ്പത്തിക പ്രശ്നം ഉണ്ടായിട്ടേയില്ല. ഞങ്ങൾ നാൽപതുപേരുണ്ട് ടീമിൽ. അതിൽ ആക്ടീവായ പത്തുപേരുണ്ട്. അതിൽ മിക്കവരും സ്വന്തം വരുമാനമുള്ളവരും. നമുക്ക് ഓരോ ലക്കത്തിനും അഞ്ഞൂറോ ആയിരമോ രൂപ എടുക്കാം എന്നത് ബുദ്ധിമുട്ടേയല്ല. നമുക്ക് പറയാനുള്ള കാര്യം പറയാൻ ആണ്. വായനക്കാരെ പോലും തള്ളിപ്പറയുന്നത് ആ കാരണത്താലാണ്. വായനക്കാരന്റെ സ്ഥാപിത താൽപര്യങ്ങളും നമ്മെ നയിക്കാൻ പോകുന്നില്ല. പാഠഭേദം നമുക്കാർക്കും ചിലവ് തരുന്നില്ല. പാഠഭേദത്തിന് നമ്മൾ അങ്ങോട്ട് ചിലവിന് കൊടുക്കുകയാണ്. നേരമ



*ക്ലോഡ് അൽവാരീസ്*

**സച്ചിദാനന്ദനെ കുറിച്ച് സി.ആർ. പരിമേശ്വരൻ ഒരിക്കൽ പറഞ്ഞിരുന്നു. സച്ചിദാനന്ദൻ ഒരു കൊറ്റനാടാണ്. ഏത് പുതുനാമ്പ് കണ്ടാലും ഒന്ന് കടിച്ചു തുപ്പിക്കളയും! അങ്ങനെയുള്ള കൊറ്റനാടുകൾ നമ്മുടെ വായനക്കാരിലുമുണ്ട്. ബുദ്ധിജീവികളിലുണ്ട്. ഫുക്കുവോക്ക ഇറങ്ങിയാൽ അതിവന്റെ സഞ്ചിയിലുമുണ്ടാകും. അതു വായിക്കും. അവനൊന്നും ചെയ്യുകയുമില്ല. ഫിലിം ഫെസ്റ്റിവലുകളിൽ ഇവരുണ്ടാകും. എല്ലാറ്റിലും നിൽക്കുന്ന ഒരഞ്ഞൂറ് പേർ ഇങ്ങനെയുണ്ടാകും. അഞ്ഞൂറ് പൊള്ളച്ചെണ്ടകൾ!**

**നമ്മുടെയൊരു കുഴപ്പമായി എനിക്കു തോന്നുന്നത് രണ്ട് മാസം ഒരു പ്രണയത്തിൽ പെടും, ഒരു മാസം ഒരു പുസ്തകം വായിക്കും, മൂന്ന് മാസം ഒരു വിപ്ലവ ഗ്രൂപ്പുമായി ബന്ധപ്പെടും. ഈ മേൽവിലാസത്തിലാണ് ജീവിതകാലം മുഴുവൻ. ഒരു വ്യാജ പാസ്പോർട്ടിലാണ് നമ്മുടെ ജീവിതം....**

റിച്ച് ലിറ്റിൽ മാഗസിൻ പ്രവർത്തനം ചിലവ് നിലനിർത്തിക്കൊണ്ടുപോകൽ മാഗസിൻ പ്രവർത്തകർക്ക് പലപ്പോഴും പ്രശ്നമാകാറുണ്ട്. അത് അച്ചടിച്ചിലവും പോസ്റ്റേജും മാത്രമല്ല. മാഗസിന്റെ ഒരു സംഘമുണ്ടല്ലോ. ആ സംഘത്തെ നിലനിർത്തിക്കൊണ്ടുപോകണമെങ്കിൽ നല്ല ചിലവുണ്ട്. അവരുടെ ഇടയ്ക്കുള്ള കൂടൽ, മദ്യപാനം.... അങ്ങനെ.... പാഠഭേദത്തിന് ഒരിക്കലും അങ്ങനെ ഒരു ചിലവുണ്ടായിട്ടില്ല.

***ലി.മാ.:*** **അടുത്തിടെ ശ്രദ്ധിച്ചതാണ് ബോബി ജോസ് കപ്പൂച്ചിനും മറ്റും കടന്നു വരുന്നു. പാഠഭേദത്തിൽ നിന്നും തീരെ പ്രതീക്ഷിക്കാത്തതാണത്. ഇത്തരം ആത്മീയത?**

പാഠഭേദത്തിൽ ആത്മീയതയുണ്ട്. അത് ഒരു സോഫ്റ്റ് തിയോളജിയായിട്ടല്ല എന്നുമാത്രം. ആത്മീയത തെറ്റല്ല. നിത്യചൈതന്യയതിയെ പോലുള്ള ഒരാൾ പാഠഭേദത്തിൽ ഒരു കോളം ചെയ്യാൻ ആഗ്രഹം അറിയിച്ചിട്ടുണ്ട്. ബോബിയച്ചന്റെ കുറിപ്പുകളൊക്കെ എഴുതിയത് എടുത്തുകൊടുക്കുന്നതോ പറഞ്ഞ് എഴുതിക്കുന്നതോ ആണ്. അത് പാഠഭേദത്തിന്റെ ഒരു ബാലൻസിംഗിന്റെ ഭാഗമായിട്ടാണ്. ചില ലക്കങ്ങൾ കടുപ്പം കൂടിയപോലെ നമുക്കു തന്നെ തോന്നാറുണ്ട്. ഭാഷയുടെ കാര്യത്തിൽ പോലും. നമുക്കറിയാം വയലൻസ് ഒഴിവാക്കണമെന്ന്.

പക്ഷേ വയലൻസില്ലാതെ നമുക്ക് നിലനിൽക്കാനുമാകില്ല. പ്രത്യേകിച്ച് പോസിറ്റീവും ക്രിയേറ്റീവുമായ വയലൻസ് നമുക്ക് ഒഴിവാക്കാനാവില്ല. മാത്രവുമല്ല പാഠഭേദത്തിന്റെ പഴയ വായനക്കാർ പാഠഭേദത്തിന്റെ ഏറ്റവും വലിയ ബാധ്യതയാകുന്നു. പഴയ എരിവും പുളിയും ഇല്ലല്ലോ എന്ന് ഓരോ ലക്കമിറങ്ങുമ്പോഴും അവർ ചോദിച്ചുകൊണ്ടേയിരിക്കും. കൂടുതൽ എരിവും പുളിയും ആവശ്യമായി തോന്നുന്നുണ്ടെങ്കിൽ നിങ്ങൾക്കെന്തോ രോഗമുണ്ടെന്നാണ്. ഇന്റലക്ചൽ അൾസർ! അതിനു ചികിത്സിക്കുകയാണ് വേണ്ടത്. ജീവിതത്തിൽ അവർക്ക് ഇതൊന്നുമില്ല.

നമ്മുടെയൊരു കുഴപ്പമായി എനിക്കു തോന്നുന്നത് രണ്ട് മാസം ഒരു പ്രണയത്തിൽ പെടും, ഒരു മാസം ഒരു പുസ്തകം വായിക്കും, മൂന്ന് മാസം ഒരു വിപ്ലവ ഗ്രൂപ്പുമായി ബന്ധപ്പെടും. ഈ മേൽവിലാസത്തിലാണ് ജീവിതകാലം മുഴുവൻ. ഒരു വ്യാജ പാസ്പോർട്ടിലാണ് നമ്മുടെ ജീവിതം. പഴയ നക്സലൈറ്റ് എന്നൊക്കെ പറയും! നക്സലൈറ്റ് ആയിട്ടില്ലെങ്കിലും ആവാനുള്ള ഒരുക്കം നടത്തിയിട്ടുണ്ടാകും. അതുമതി. അല്ലെങ്കിൽ മഴപെയ്തതിനു ശേഷം ചിലപ്പോൾ മരം പെയ്യുന്നത് കണ്ടിട്ടുണ്ടാവും. അതിന്റെ ചുവട്ടിലൊക്കെ നിന്നിട്ടുണ്ടാകും. ഇതുകൊണ്ട് സംഭവിക്കുന്നത്.... ജീവിതത്തിൽ ഏതവസ്ഥയിൽ ചെന്നാലും നിങ്ങൾക്ക് റാഡിക്കലാവാൻ പറ്റും എന്നത് അസാധ്യമാക്കുകയാണ് ഇവർ ചെയ്യുന്നത്. സാധാരണ ഒരു എൻ.ജി.ഒയുടെ നീചജീവിതം ജീവിക്കുകയും ഇതൊരു മറയാക്കുകയും ചെയ്യുന്നവർ. പത്രാധിപർക്ക് കത്തെഴുതുക, ലിറ്റിൽ മാഗസിൻ വായിക്കുക, കുപ്പി പൊട്ടിച്ചുകൊണ്ട് ഹാ.. നക്സലൈറ്റ് സെവന്റീസ് എന്നു പറയുക. ഇങ്ങനെ ഒരു വ്യാജ പാസ്പോർട്ടിലുള്ള ജീവിതത്തെയാണ് പാഠഭേദം ഏറ്റവും വെറുക്കുന്നത്. ഇവരാണ് പാഠഭേദം എരിവും പുളിവും ഇല്ല എന്നു പറയുന്നത്. മാതൃഭൂമി ആഴ്ചപ്പതിപ്പൊക്കെ ഇപ്പോൾ അവരെ തൃപ്തിപ്പെടുത്തുന്നുണ്ട്. കേരളീയം വായനയും അവരെ തൃപ്തിപ്പെടുത്തുന്നുണ്ട്.

***ലി.മാ.:*** **പാഠഭേദവും അതിന്റെ നിലപാടുകളും സ്വീകരിക്കപ്പെടുന്നതായി തോന്നിയിട്ടുണ്ടോ..**

നമ്മൾ സ്വീകാര്യരാവുമ്പോൾ നമ്മൾക്കെന്തോ കുഴപ്പമുണ്ട് എന്നാണ് ഏത് രീതിയിലാണെങ്കിലും. ആ അർത്ഥത്തിൽ ഒരു പേടിയുമുണ്ട്. നമ്മൾ പാഠമായി പോകുമോ എന്ന പേടി.

മെയിൻ സ്ട്രീമിലെഴുതാൻ പറ്റാത്തതുകൊണ്ടല്ല പാഠഭേദത്തിലെഴുതുന്നത്. പാഠഭേദത്തിലെ എഴുത്തുകൾ നോക്കുക. അമൃതലാലിനെ പോലുള്ള ഉത്തരവാദിത്തമുള്ള ഒരെഴുത്തുകാരനെ മെയിൻസ്ട്രീമിൽ കാണില്ല.

പഴയ പാഠഭേദത്തിന്റെ വായനക്കാരിൽ പലരും പുതിയ പാഠഭേദത്തോടൊപ്പമില്ല. പഴയ വിത്ത് അന്നത്തെ വായനക്കാരിൽ മുളച്ചത് പല രീതിയിൽ വളരുന്നുണ്ടാകാം. അജ്ഞാതവായനക്കാർ! എന്നാൽ അവരല്ല പുതിയ പാഠഭേദം വായനക്കാർ. കേരളത്തിൽ ഒരഞ്ഞൂറു പേരെങ്കിലും ഉണ്ടാകും ഏത് ലിറ്റിൽ മാഗസിൻ കണ്ടാലും കൊത്തിക്കൊണ്ടുപോകുന്നവർ. വാങ്ങും, വായിക്കും,ചിലപ്പോൾ എഴുതും. എഴുത്തുകാരുമുണ്ടാകും അക്കൂട്ടത്തിൽ. സച്ചിദാനന്ദനെ കുറിച്ച് സി.ആർ. പരിമേശ്വരൻ ഒരിക്കൽ പറഞ്ഞിരുന്നു. സച്ചിദാനന്ദൻ ഒരു കൊറ്റനാടാണ്. ഏത് പുതുനാമ്പ് കണ്ടാലും ഒന്ന് കടിച്ചു തുപ്പിക്കളയും! അങ്ങനെയുള്ള കൊറ്റനാടുകൾ നമ്മുടെ വായനക്കാരിലുമുണ്ട്. ബുദ്ധിജീവികളിലുണ്ട്. ഫുക്കുവോക്ക ഇറങ്ങിയാൽ അതിവന്റെ സഞ്ചിയിലുമുണ്ടാകും. അതു വായിക്കും. അവനൊന്നും ചെയ്യുകയുമില്ല. ഫിലിം ഫെസ്റ്റിവലുകളിൽ ഇവരുണ്ടാകും. എല്ലാറ്റിലും നിൽക്കുന്ന

**അടുത്ത പേജിൽ**



## പാഠഭേദം....

*പേജ് 9 ൽ നിന്ന് തുടർച്ച...*

**പാഠഭേദം മിനിമത്തിലാണ് വർക്ക് ചെയ്യുന്നത്. പാഠഭേദം പോലുള്ള ഒരു പ്രസിദ്ധീകരണത്തിന് സ്ഥിരമായി ഇറങ്ങുന്നതിന് ഒരു സഹായവും ഒരാളിൽ നിന്നും ആവശ്യമില്ല. വായനക്കാരിൽ നിന്നുപോലും. വരിക്കാർ ആരെങ്കിലും അവരുദ്ദേശിച്ച രീതിയിൽ പാഠഭേദം ഉയർന്നില്ല എന്നുപറഞ്ഞ് വരിസംഖ്യ ആവശ്യപ്പെട്ടാൽ തിരിച്ചുനൽകും.**

ഒരഞ്ഞൂറ് പേർ ഇങ്ങനെയുണ്ടാകും. അഞ്ഞൂറ് പൊള്ള ച്ചെണ്ടകൾ! എന്തെങ്കിലുമൊക്കെ പറഞ്ഞ് ഇവർ വരും.. വ്യക്തിപരമായും ഞാൻ ഇത് നേരിടുന്നുണ്ട്. ഫെബ്രുവരി 18 ന് ഒരാൾ വിളിക്കുന്നു. സഖാവേ, ഓർക്കുന്നില്ലേ ഈ ദിവസം? ഞാൻ ചോദിച്ചു. എന്താ ഈ ദിവസത്തിന്റെ പ്രത്യേകത. ഫെബ്രുവരി 18 ഞാനോർക്കുന്നത് ഫെബ്രുവരി 19 ന്റെ തലേദിവസമാണെന്നാണ്. ഫെബ്രുവരി 19: മുത്തങ്ങ സംഭവത്തിന്റെ ദിവസം... എന്തുലക്ക! ഞാൻ ചോദിച്ചു. എനിക്ക് മനസ്സിലായി സംസാരം എങ്ങോട്ട് പോകുന്നുവെന്ന്. എന്തു വർഗ്ഗീസ്? അടിയോർക്ക് എന്തിനാണ് മറ്റൊരു പെരുമൻ? അടിയോർ സ്വന്തം ഗർഭപാത്രത്തിൽ നിന്ന് സ്വന്തം ജാനുവിനെ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അവർക്കെന്തിനാണ് വേറൊരു വർഗ്ഗീസ്? വർഗ്ഗീസ് തുലയട്ടെ. പോയിക്കിടന്നുറങ്ങെടോ എന്നു പറഞ്ഞ് ഞാൻ ഫോൺ വെച്ചു.

ഒരുപക്ഷേ എന്നിലും അങ്ങനെയൊരാളുണ്ടാകാം. ഞാനൊരാളെ ഇങ്ങനെ മുഖത്തടിക്കുമ്പോൾ എന്റെയുള്ളിലുള്ള ആ പഴയ ഒരാളിന്റെ മുഖത്തടിക്കുകയാണ്, തുപ്പുകയാണ് ചെയ്യുന്നത്. ഇങ്ങനെയൊരു Struggle ഉണ്ട് യഥാർത്ഥത്തിൽ. എഴുപതുകളിലൂടെ കടന്നു പോയ ഒരാൾക്ക്... എഴുപതുകളെ കുടഞ്ഞുകളയാൻ പ്രയാസമാണ്. പോലീസ് പറഞ്ഞത് ശരിയാണ്.Once a nexalite always a nexalite !

ഏതു തീവ്രവാദി ഗ്രൂപ്പിൽ പെട്ടാലും ഈ Struggle വേണ്ടിവരും. മാവോവാദികളെ കുറിച്ച് ഞാനെഴുതുമ്പൾ.... സോഫ്റ്റ് ആയി പറയാമെന്ന് കരുതിയാലും അറിയാതെ ഇങ്ങനെ വരും. കാരണം ഒന്ന് എന്നോടു തന്നെയുള്ള Struggle. മറ്റൊന്ന് നമ്മുടെ വായനക്കാരിൽ ഏറെ പേരും ഇങ്ങനെയുള്ള വായനക്കാരാണ്. അവരെ പ്രകോപിപ്പിക്കാൻ കൂടിയിട്ടാണ്. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ പാഠഭേദത്തിൽ വരാറില്ല. പാഠഭേദം നക്സലൈറ്റുകളുടേതാണ് എന്നു പറയാറുണ്ട്. അതിൽ ഞാൻ മാത്രമേ അങ്ങനെ ഒരു പേരുള്ള ആളായിട്ടുള്ളൂ. മറ്റാരുമില്ല.

ഭാവികേരളത്തിന് സംഭാവനകൾ ചെയ്യുന്ന 25 പേരെ തെരഞ്ഞെടുത്തപ്പോഴും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ ഒരിക്കലും സ്വാധീനിച്ചിട്ടില്ല. സ്വന്തമായ അഭിപ്രായമുള്ളവരാണ് പാഠഭേദത്തിലുള്ളവർ. ആദ്യമേ പാഠഭേദമെടുത്ത തീരുമാനമുണ്ട്. നമുക്ക് വളരെ സ്ട്രോംഗായ രണ്ട് അഭിപ്രായങ്ങൾ ഒരു കാര്യത്തിലുണ്ടെങ്കിൽ രണ്ട് എഡിറ്റോറിയലുകളാവാമെന്ന്. പാഠഭേദത്തിന് സത്യസന്ധമായി പറയാവുന്ന രണ്ട് കാര്യങ്ങളുണ്ട്. ഒന്ന് ഇന്ത്യക്കകത്തുനിന്നോ പുറത്തുനിന്നോ ഒരു സഹായവും സ്വീകരിച്ചിട്ടില്ല. രണ്ടാമത്തെ കാര്യം കുറച്ചു നാൾ പാഠഭേദത്തിനുവേണ്ടി ജോലി ചെയ്ത ഒരാൾക്ക് നൽകിയ ചെറിയ കാശല്ലാതെ പാഠഭേദത്തിന്റെ പ്രവർത്തകരാരും ഒറ്റക്കാശും എടുത്തിട്ടില്ല. പാഠഭേദം മിനിമത്തിലാണ് വർക്ക് ചെയ്യുന്നത്. പാഠഭേദം പോലുള്ള ഒരു പ്രസിദ്ധീകരണത്തിന് സ്ഥിരമായി ഇറങ്ങുന്നതിന് ഒരു സഹായവും ഒരാളിൽ നിന്നും ആവശ്യമില്ല. വായനക്കാരിൽ നിന്നുപോലും. വരിക്കാർ ആരെങ്കിലും അവരുദ്ദേശിച്ച രീതിയിൽ പാഠഭേദം ഉയർന്നില്ല എന്നുപറഞ്ഞ് വരിസംഖ്യ ആവശ്യപ്പെട്ടാൽ തിരിച്ചുനൽകും. വായനക്കാരുടെ സ്ഥാപിത താൽപര്യത്തിനുപോലും നമ്മൾ കീഴടങ്ങരുത് എന്ന് പറയുന്നത് അതുകൊണ്ടാണ്. നമുക്ക് പറയാനുള്ളത് പറയും. എന്നുവെച്ച് വ്യത്യസ്ത അഭിപ്രായങ്ങളെയും നമ്മൾ സ്വാഗതം ചെയ്യും. വിമർശനങ്ങളെ നമ്മൾ ഭയപ്പെടുന്നില്ല. ***(തുടരും)***

***(തയ്യാറാക്കിയത്- അബ്ദുള്ളക്കുട്ടി എടവണ്ണ, ബിജു ജോൺ)***



വികസനത്തിന്റെ പേരിൽ, ആരോഗ്യ സുരക്ഷയുടെ പേരിൽ, കൃഷിയുടെ പേരിൽ, വിദ്യാഭ്യാസത്തിന്റെ പേരിൽ എല്ലാം തന്നെ വിദേശങ്ങളിൽ നമുക്ക് മുമ്പേ പോയവർ ഉപേക്ഷിക്കുന്നിടത്താണ് നാം തുടങ്ങുന്നത്. നാം പലതും കണ്ടുപഠിക്കുന്നത് വിദേശത്തെ വികസിത രാജ്യങ്ങളിൽ നിന്നാണ്. അവരുടെ അനുഭവങ്ങൾ പക്ഷേ നാം പഠിക്കുന്നില്ല. വിദേശത്തെ രോഗികൾക്ക് നൽകാത്ത മരുന്ന്, അവിടെ പ്രയോഗിക്കാത്ത കീടനാശിനികൾ, അവിടെ ഉപേക്ഷിച്ച വികസന നയങ്ങൾ ... അങ്ങനെ പലതും നാം കൊണ്ടുനടന്ന് ആഘോഷിക്കുന്നു.

-പി. സായ്നാഥ്

**ലിറ്റിൽ മാസികയുടെ മേൽ വിലാസ രജിസ്റ്റർ പുതുക്കുന്നു.**

ഇപ്പോൾ മാസിക കിട്ടുന്ന മുഴുവൻ പേരും അവരുടെ ഫോൺ നമ്പർ, ഇ-മെയിൽ, ഇവ പോസ്റ്റ് കാർഡിൽ എഴുതി അയക്കുക. അല്ലങ്കിൽ 9946428284,8547300532 എന്നീ നമ്പറുകളിൽ വിളിക്കുക

-എഡിറ്റർ



**മഴ തോർന്നിട്ടും മരങ്ങൾ പെയ്യുമ്പോൾ – 4**

**അക്കു**

# കൊന്ന

മഞ്ഞപ്പൂങ്കുലകളുടെ വശ്യസൗന്ദര്യത്തിന് ചേർച്ചയുള്ള ഒരു പേരാണ് 'കൊന്ന' എന്നു തോന്നിയിരുന്നില്ല. എങ്കിലും ആ മരത്തോട് ഇഷ്ടം തോന്നിയിരുന്നു. വേനലവധിക്കാലത്ത് പൂത്തുലയുന്ന കൊന്നമരം ഞങ്ങളുടെ തറവാടിന്റെ അയൽപറമ്പായ പള്ളിക്കാട്ടിലെ ചാരുതയാർന്ന കാഴ്ചയായിരുന്നു. പരേതാത്മാക്കളുടെ വിശ്രമ മണ്ണിലേക്ക് മഞ്ഞപ്പൂക്കൾ ഉതിർന്നുവീഴുന്ന വേനൽക്കാലം. ഇലകൾക്കുമേൽ പൂക്കൾ ആധിപത്യം നേടുന്ന വസന്തകാലം !

വാഴക്കുല വെട്ടി പഴുപ്പിക്കാൻ കൊന്നയില നല്ല ഉപായമാണെന്ന് കുട്ടിക്കാലത്ത് കിട്ടിയ നാട്ടറിവാണ്. വാഴ വെട്ടിയാൽ ഞാൻ പള്ളിക്കാട്ടിലെ കൊന്നമരത്തിൽ വലിഞ്ഞുകേറും. ചെറിയ കമ്പുകൾ ഒടിച്ച് കൊന്നയില ശേഖരിക്കും. ഇലയിൽ പൊതിഞ്ഞ് ചാക്കിനകത്ത് വാഴക്കുല ഇറക്കിവെച്ച് മധുരമൂറുന്ന വാഴപ്പഴത്തിനുവേണ്ടിയുള്ള കാത്തിരിപ്പാണ്. രണ്ട് മൂന്ന് ദിവസങ്ങൾക്കുള്ളിൽ ചാക്കു തുറക്കുമ്പോൾ സ്വർണ്ണവർണ്ണത്തിൽ വാഴക്കുലയുണ്ടാകും. അതിന് ഇളംചൂടുണ്ടാകും. കൊന്നയിലകൾ ഉണങ്ങിക്കരിഞ്ഞിട്ടുണ്ടാകും. രാസവസ്തുക്കളോ പുകയോ ഏൽപിക്കാതെ കൊന്നയിലയുടെ ആശ്ലേഷത്തിൽ പഴുക്കുന്നതിന്റെ രുചിയിന്നും കൂട്ടിനുണ്ട്.

ഞങ്ങൾ തറവാട്ടിൽ നിന്നും താമസം മാറിയപ്പോൾ പുതിയ പത്ത് സെന്റ് പറമ്പിന്റെ അതിരിൽ ഇടവഴിയോരത്ത് ഒരു കൊന്നമരം! നമ്മളോടൊപ്പം നമ്മുടെ ചെറിയ ചില ഇഷ്ടങ്ങളും കൂടെപ്പോരും പോലെ...

വിഷുവിന് കണിവെയ്ക്കാൻ കൊന്നപ്പൂങ്കുലക്കുവേണ്ടി അയൽവക്കത്തെ അനിതയും സൗമിനിയും മിനിയുമൊക്കെ വരും. ആ ഭാഗത്ത് പൂത്തുലയുന്ന ഏക കൊന്നമരം ഞങ്ങളുടേതായിരുന്നു. അവർക്ക് മരത്തിൽ കയറി പൂപറിച്ചുകൊടുക്കാൻ എനിക്കു സന്തോഷമായിരുന്നു. എല്ലാ വർഷവും മേടമാസത്തിൽ ഈ പൂകൈമാറ്റത്തിന് ഒരുങ്ങിക്കൊണ്ട് ഞങ്ങളുടെ കൊന്നമരം പൂത്തുനിൽക്കും. പ്രകൃതിയുടെ തെറ്റാത്ത ജൈവകലണ്ടർ !

ഒരു മേടമാസത്തിലാണ്. കൊന്നപ്പൂവിനുവേണ്ടി പതിവുപോലെ കൂട്ടുകാരികൾ വരുന്നത് കാണുന്നില്ല. ! വിഷുപിറ്റേന്ന് ഞാനവരോട് ചോദിച്ചു. " എന്തേ ഇത്തവണ കൊന്നപ്പൂവിന് വന്നില്ല ?" അവർ പറഞ്ഞു . " ഏട്ടൻ പട്ടാളത്തീന്ന് കഴിഞ്ഞ പ്രാവശ്യം ലീവിന് വന്നപ്പോൾ കൊണ്ടുവന്ന കൊന്നപ്പൂവാണ് ഇത്തവണ കണികാണാൻ വച്ചത്."ഏട്ടൻ കൊണ്ടുവന്ന വിശേഷപ്പെട്ട കൊന്നപൂക്കൾ ഒരിക്കലും വാടാത്ത പ്ലാസ്റ്റിക് പൂക്കളാണെന്നറിഞ്ഞപ്പോ ഞാൻ ശരിക്കും ഞെട്ടി !

നമ്മുടെ നാട് ഇത്രയൊന്നും പ്ലാസ്റ്റിക് മയമായി മാറിയിട്ടില്ലാത്ത കാലമാണെന്നോർക്കണം! കണികാണാൻ ആരും കൊണ്ടുപോകാനില്ലാതെ പൂങ്കുലകൾ ഇടവപ്പാതി പെരുമഴയിൽ കൊഴിഞ്ഞുവീണു. അധികം വൈകാതെ ഞങ്ങളുടെ ഇടവഴി റോഡായിത്തീരാൻ അതിരിലെ മരങ്ങൾ വെട്ടിനീക്കി വീതികൂടിയപ്പോൾ കൊന്നമരത്തിനും വഴി മാറേണ്ടിവന്നു.കുറ്റി പിഴുതുമാറ്റി കരിങ്കൽ കെട്ടുയർന്നു.

അനിതയുടെയും മിനിയുടെയും സൗമിനിയുടെയും മക്കൾ ഇന്ന് കണികാണാൻ കൊന്നപ്പൂ ശേഖരിക്കുന്നത് എവിടെ നിന്നാണെന്നറിയില്ല. പ്ലാസ്റ്റിക് പൂങ്കുലകൾ ആവാൻ ഇടയില്ല. ചന്തയിലും ഷോപ്പിംഗ് മാളിലും കൊന്നപ്പൂക്കൾ ഇന്ന് കാശ് കൊടുത്ത് വാങ്ങാൻ കിട്ടുമല്ലോ

*"ഏതു ധൂസരസങ്കല്പങ്ങളിൽ വളർന്നാലും*

*ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും,*

*മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിൻ വെളിച്ചവും*

*മണവും മമതയും, ഇത്തിരികൊന്നപ്പൂവും!"*

*–വൈലോപ്പിള്ളി*

*നിലമ്പൂർ പ്രകൃതി പഠന കേന്ദ്രം വാർത്ത*


## മൂൺസ് ചന്ദ്രൻ അനുസ്മരണവും പെരുമഴക്യാമ്പും

**പരിസ്ഥിതി സാമൂഹ്യ പ്രവർത്തകനായിരുന്ന മൂൺസ് ചന്ദ്രൻ അനുസ്മരണവും പെരുമഴ ക്യാമ്പും 2012 ജൂലൈ 12,13 തിയ്യതികളിൽ നിലമ്പൂർ പനയംകോട് വനത്തിൽ പ്രവർത്തിക്കുന്ന ചന്ദ്രകാന്തം പരിസ്ഥിതി കേന്ദ്രത്തിൽ വെച്ച് നടക്കുന്നു.** പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് **94 97 62 70 53** എന്ന നമ്പറിൽ വിളിക്കാം.

# നടത്തം

ചിത്രവും എഴുത്തും

എം.പി. പ്രതീഷ്



ഓടുമേഞ്ഞതാണ് ഞങ്ങളുടെ വീട്. അധികം ഉയരമില്ലാത്തത്. അതിന്റെ മുറ്റത്ത് ര് മാവുകൾ വളർന്നു. അവയിപ്പോൾ വീടിനോട് ചാരിയാണ് പാർപ്പ്. പലരും പറഞ്ഞിട്ടും അതിന്റെ ശിഖരങ്ങളൊന്നും മുറിച്ചില്ല. അതിനാലിപ്പോൾ ഓടിനുമീതെ ഒരു പച്ചപ്പുതപ്പ്. വേനലും മഴയും അതിലൂടെ വീടിനെ തൊടുന്നു്. അണ്ണാറക്കണ്ണനും ഉറുമ്പും എല്ലാം അതിലൂടെ വീട്ടിലേക്ക് വന്നുപോവുന്നു. അതുകൊു ചില്ലറ ബുദ്ധിമുട്ടുകൾ ഇല്ലെന്നല്ല. എങ്കിലും അതിന്റെ വാഴ്‌വ് വീട്ടുമുറ്റത്തുാക്കുന്ന ജൈവസ്പർശം അത്ര ചെറുതല്ല. അതിന്റെ തണലിരുട്ടുകൾ, തണുപ്പ്, ആയിടത്തെ കാടിന്റെ ഒരു തുമ്പാക്കി മാറ്റുക കൂടി ചെയ്യുന്നു.

വേനൽ ഒരു ചെറിയ മരുഭൂമിയായിരിക്കണം. പായലുകളെല്ലാം നിദ്രയിലേക്ക് പിൻവാങ്ങുന്ന കാലം. വര കാറ്റിന്റേയും ചാരനിറ ഇലകളുടെയും കാലം. പൊടുന്നനെ ഒരു വേനൽമഴയുാവും. മണ്ണിന്റെ ഗന്ധം ഉയർന്നുവരും. ഭൂമിക്കടിയിലെ ഞരമ്പുകളെല്ലാം രക്തം നിറഞ്ഞ് അനങ്ങിത്തുടങ്ങും. മണ്ണിൽ നിന്നും ഹരിതകം മുഴുവനും ചുരന്നു തുടങ്ങും. പച്ചയുടെ നേർത്ത പൊടിപ്പുകളുയരും. അതു പകരുന്ന ആനന്ദം ചെറുതല്ല. ചെറിയ പുൽത്തലപ്പുകൾ. പായലുകൾ. അവയിൽ വന്നെത്തുന്ന പ്രാണികൾ. മരുഭൂമി മെല്ലെ മെല്ലെ ഒരു വനമായിത്തീരും.

ഭക്ഷണം

# കോളകുടി




ശരീരത്തിന്റെ ശരാശരി ഊഷ്മാവ് 37°C നിലനിന്നെങ്കിൽ മാത്രമാണ് നമ്മുടെ ദഹനപ്രക്രിയ നടക്കുകയുള്ളൂ. എന്നാൽ സോഫ്റ്റ് ഡ്രിങ്കുകളുടെ ഉപയോഗം മൂലം ഊഷ്മാവ് കുറയാനിടയാകുകയും ഒരുപക്ഷേ ഭീകരമായ അവസ്ഥയിലേക്ക് താഴുകയും ചെയ്യുന്നു. ഇത്തരമൊരവസ്ഥയിൽ എൻസൈമുകൾ പ്രവർത്തിക്കാതെ ദഹനപ്രക്രിയ അവതാളത്തിലാകുന്നു. ഇത് ഭക്ഷണ വസ്തുവിന്റെ ചീയലിനു കാരണമാവുകയും അതുവഴി ഗ്യാസും മറ്റ് വിഷാംശങ്ങളും ഉൽപാദിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇത് പിന്നീട് ശരീരത്തിലേക്ക് പലവഴിക്കും പടരുകയും ശരീരപ്രക്രിയ അപകടത്തിലേക്ക് നീങ്ങുകയും, നിരവധി രോഗങ്ങൾക്ക് അടിമപ്പെടുകയും ചെയ്യുന്നു. ഒരു കപ്പ് കോള കൊണ്ട് ഇത്രയെല്ലാം നേട്ടമുണ്ട് എന്ന ഒരു പരസ്യവും ഇതുവരെയും പറഞ്ഞിട്ടില്ല. ഡൽഹി യൂണിവേഴ്‌സിറ്റിയിൽ വിദ്യാർത്ഥികൾക്കിടയിലൊരു മത്സരം നടന്നു. ആരാണ് ഏറ്റവും കൂടുതൽ കോള കഴിക്കുന്നത് എന്ന്. മത്സരശേഷം 8 ബോട്ടിൽ കോള കുടിച്ചുതീർത്ത വിജയി സമ്മാനം ഏറ്റുവാങ്ങാൻ പോലും കാത്തുനിൽക്കാതെ തളർന്നു വീണു മരിച്ചു. കാരണം ശരീരത്തിൽ ഓക്സിജന്റെ അളവ് ഗണ്യമായി കുറയുകയും പകരം കാർബൺഡൈഓക്സൈഡിന്റെ അളവ് മാരകമായി കൂടുകയും ചെയ്തുവെന്നാണ്.


## ലിറ്റിൽ മാസിക നിലനിൽക്കുന്നത്...നിങ്ങൾ തരുന്ന വരിസംഖ്യ കൊണ്ടാണ്...




അതിനാൽ ദയവായി ഇന്നുതന്നെ വരിസംഖ്യ അയച്ചുതരിക. ഒരു വർഷത്തേക്ക് 150 രൂപ

ലിറ്റിൽ മാസിക

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം
അക്കൗണ്ട് നമ്പർ -
ബിജു ജോൺ
0857101067932
(കാനറ ബാങ്ക് എടക്കര ശാഖ)

# നിങ്ങൾക്കെത്ര വയസ്സായി? അഥവാ How Old Are You?

അബ്ദുള്ളക്കുട്ടി എടവണ്ണ

ഇതൊരു ചലച്ചിത്ര നിരൂപണമല്ല. ഗൗരവമായി സിനിമ കണ്ട് കീറിമുറിച്ച് പരിശോധിച്ചാൽ സ്ത്രീവിരുദ്ധതയും ജനവിരുദ്ധതയുമൊക്കെ വായിച്ചെടുക്കാൻ പറ്റിയേക്കും. മഞ്ജുവാര്യർ എന്ന നടിയുടെ തിരിച്ചുവരവിനായി ഒരുക്കിയ ആവറേജ് ചിത്രം എന്നു വേണമെങ്കിൽ പറഞ്ഞൊതുക്കാം.

ഇവിടെ എഴുതുന്നത് അതൊന്നുമല്ല. റോഷൻ ആൻഡ്രൂസ് സംവിധാനം ചെയ്ത്, ബോബിയും സഞ്ജയും ചെർന്ന് തിരക്കഥ എഴുതി മഞ്ജുവാര്യരും കുഞ്ചാക്കോ ബോബനുമൊക്കെ അഭിനയിച്ച ഹൗ ഓൾഡ് ആർ യു എന്ന സിനിമ കുടുംബത്തോടൊപ്പം കണ്ടപ്പോൾ അതിലെ അപ്രധാനമായി കരുതിയേക്കാവുന്ന സീനുകളിൽ നിന്ന് ലഭിച്ച പോസിറ്റീവ് ഊർജ്ജത്തെ കുറിച്ചാണ്. സിനിമയിൽ പറഞ്ഞ ചെറിയ കാര്യങ്ങളുടെ വലിയ പ്രസക്തിയെ കുറിച്ചാണ്. വലിയ കാര്യങ്ങളെ തൽക്കാലം മാറ്റിവെക്കുന്നു.

ഒന്നാമത്തെ കാര്യം വിഷമില്ലാത്ത ഭക്ഷണം നമുക്ക് ഉല്പാദിപ്പിക്കണം എന്ന തോന്നലുണ്ടാക്കി എന്നതാണ്. ഒരു മുളക് തൈയോ, ഒരു കറിവേപ്പില തൈയോ നമ്മുടെ തിണ്ണയിലോ ടെറസ്സിലോ ഒരു ചാക്കിൽ മണ്ണ് നിറച്ചെങ്കിലും നടണം എന്ന ചിന്ത ഉണർത്താൻ ഈ സിനിമ കാരണമാകുന്നു എന്നതാണ്. പവർപോയിന്റ് പ്രസന്റേഷനിലൂടെ ഇതിൽ നായിക 5 മിനിറ്റിലധികം ദൈർഘ്യമുള്ള ഒരു പ്രസംഗം നടത്തുന്നുണ്ട്. ഒന്നാന്തരമൊരു പരിസ്ഥിതി ക്ലാസ്!

ആർക്കിടെക്റ്റുകളുടെ കോൺഫറൻസിൽ ആയതിനാൽ, ലക്ഷങ്ങൾ ചിലവിട്ട് വീടുവെക്കുമ്പോൾ അതിന്റെ പ്ലാനിൽ ഇത്തിരി വിഷമില്ലാത്ത ഭക്ഷണം ഉണ്ടാക്കാനുള്ള സ്പേസ് കൂടി ഉൾപ്പെടുത്തണം എന്ന് നായിക തന്റെ പ്രസംഗത്തിൽ പറയുന്നുണ്ട്. സദസ്സിന്റെ ഹൃദയത്തിൽ തട്ടുംവിധം നായിക നടത്തുന്ന ഈ പ്രസംഗത്തിന് തിയേറ്ററിലിരിക്കുന്ന കാണികളും കയ്യടിക്കുന്നുണ്ട്. ഈ ക്ലാസ് കേട്ട മന്ത്രി പറയുന്നത് നമുക്ക് കാൻസർ ആശുപത്രികളല്ല വേണ്ടത് വിഷമില്ലാത്ത ഭക്ഷണമുണ്ടാക്കുന്ന അടുക്കളത്തോട്ടങ്ങളാണ് എന്നാണ്. മഴവെള്ള സംഭരണി നിയമം മൂലം നിർബന്ധമാക്കുന്ന പോലെ ഓരോ വീട്ടിലും ഒരുക്കളത്തോട്ടം എന്ന നിയമം നിർബന്ധമാക്കുന്നതിനെ കുറിച്ച് ആലോചിക്കാമെന്നും മന്ത്രി പറയുന്നു.

നമ്മുടെ പച്ചക്കറികളിലും പഴങ്ങളിലും എത്ര മാരകമായി വിഷം ചേർക്കുന്നുണ്ടെന്ന് തിരിച്ചറിയാൻ സുരാജ് വെഞ്ഞാറമ്മൂടിന്റെ ഒരൊറ്റ സീൻ തന്നെ ധാരാളം. ഇതൊക്കെ നമുക്കറിയാവുന്ന കാര്യങ്ങളാണെന്നും, അത്ര സാരമാക്കേണ്ടതില്ലെന്നുമുള്ള നിസ്സംഗത ശരിയല്ലെന്ന് ഒരു പാവപ്പെട്ട സ്ത്രീക്ക് വയറ്റിൽ ട്യൂമറുണ്ടാക്കിയ സംഭവത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നുമുണ്ട്. മാത്രവുമല്ല, വലിയ പണക്കാർ വലിയ വില കൊടുത്ത് വിഷമുക്തമായ ഓർഗാനിക് ഉല്പന്നങ്ങൾ വാങ്ങുന്ന കാര്യവും ഇതോടൊപ്പം അവതരിപ്പിക്കുന്നുണ്ട് എന്നതും ശ്രദ്ധേയമാണ്.

നാം തന്നെ വിളയിക്കുന്ന നമ്മുടെ ആഹാരം എന്ന പ്രായോഗിക മാർഗ്ഗം ഒരു സക്സസ് സ്റ്റോറിയാക്കി സിനിമ മുന്നോട്ടു വെക്കുന്നു. അതോടൊപ്പം ഏതു സാധാരണക്കാർക്കും മഹത്തരമായി ഇത്തരം നൻമയുടെ ചെറുകാര്യങ്ങൾ ചെയ്ത് ഔന്നത്യത്തിലേക്ക് ഉയരാം എന്ന ജീവിതവിജയ പാഠവും ഈ സക്സസ് സ്റ്റോറി യിലൂടെ അവതരിപ്പിക്കുന്നു.

അച്ചപ്പവും കുഴലപ്പവും ഉണ്ടാക്കി വിൽക്കുന്ന ഒരു സ്ത്രീ ഈ ചിത്രത്തിലുണ്ട്. അവർ ബസ്സിൽ വെച്ച് നായികയുമായി കുശലം നടത്തുന്നതിനിടയിൽ പറയുന്ന ഒരു കാര്യമുണ്ട്. എന്റെ അച്ചപ്പവും കുഴലപ്പവുമൊന്നും ആർക്കും വേണ്ടെന്നും എല്ലാവരും ബേക്കറി സാധനങ്ങളുടെ പിറകെയാണെന്നും അതുകൊണ്ടുതന്നെ ആളുകൾ 35 കഴിയുമ്പോഴേക്കും ഷഷ്ഠിപൂർത്തിയിലെത്തുന്നുവെന്നും.

തന്റെ ഭാര്യയ്ക്ക് വേണ്ടത്ര ലോകവിവരമില്ലെന്നും പല വ്യഞ്ജന സാധനങ്ങളുടെ വിലയെക്കുറിച്ചും നാളത്തെ ബ്രേക്ക് ഫാസ്റ്റിന് എന്തുണ്ടാക്കണമെന്നും തുടങ്ങിയ നിസ്സാര കാര്യങ്ങളേ സംസാരിക്കാനറിയൂ എന്നും നായകൻ പരാതിപ്പെടുമ്പോൾ പച്ചക്കറിയുടെ വിലയും നാളത്തെ ബ്രേക്ക് ഫാസ്റ്റും അത്ര ചെറിയ കാര്യമല്ലെന്നും അതു വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണെന്നും ഭാര്യ- നായിക ശക്തമായി മറുപടി നൽകുന്നതും ചിന്തിക്കേണ്ട വിഷയങ്ങൾ തന്നെ.

ബസ്സിൽ താനെന്നും കാണാറുള്ള അച്ചപ്പം വിൽക്കുന്ന സ്ത്രീയെ കുറച്ചുനാൾ കാണാതാകുമ്പോൾ നായിക അന്വേഷിച്ചുചെല്ലുന്ന ഹൃദയസ്പർശിയായ ഒരു രംഗമുണ്ട്. വയറ്റിൽ ട്യൂമർ ബാധിച്ച് ഒറ്റയ്ക്കു കഴിയുന്ന ആ സ്ത്രീക്ക്, ബസ്സിൽ വെച്ച് കുശലം പറയുന്ന ഒരു പരിചയം മാത്രമുള്ള, പേരു പോലും അറിയാത്ത ഈ കുട്ടി തന്നെ കാണാൻ വന്നതിൽ അത്ഭുതമുണ്ടാക്കുന്നുണ്ട്. ഒരു പ്രയോജനവുമില്ലാത്ത എന്നെ കാണാൻ നീ വന്നതു തന്നെ ഒരു വലിയ കാര്യമാണെന്നും അതിനായി മോള് എനിക്കുവേണ്ടി മാറ്റിവെച്ച സമയം എന്റെ ജീവിതത്തിലെ ഏറ്റവും വിലപിടിച്ചതാണെന്നും ഇപ്പോ എങ്ങനുണ്ട് എന്നു ചോദിക്കാൻ ഇടയ്ക്ക് ആരെങ്കിലുമൊക്കെ ഉണ്ടാകുമ്പോഴാണ് ജീവിതത്തിന് അർത്ഥമുണ്ടാകുന്നത് എന്നുമൊക്കെ ആരോരുമില്ലാത്ത ആ സ്ത്രീ കരഞ്ഞുകൊണ്ട് പറയുന്നുണ്ട്. മാനുഷിക ബന്ധങ്ങളുടെ പൊരുൾ വെളിപ്പെടുത്തി തരുന്ന ഒരു സെൻ കഥയുടെ തുള്ളിവെളിച്ചമായി ആ രംഗം മാറുന്നു.

റോഡുവക്കിൽ ചായക്കട നടത്തുന്ന വൃദ്ധദമ്പതികൾ വരുമാനമുണ്ടാക്കി ലോകരാജ്യങ്ങൾ കാണാൻ പോകുന്ന പരാമർശം രണ്ടു സീനുകളിലായി വരുന്നുണ്ട്. നിരവധി രാജ്യങ്ങൾ കാണാൻ ജീവിതം മാറ്റിവെക്കുകയും യഥാർത്ഥത്തിൽ കൊച്ചി ഗാന്ധിനഗറിൽ ബാലാജി ടീസ്റ്റാൾ നടത്തുകയും ചെയ്യുന്ന വിജയനും മോഹനയും തന്നെയാണീ ഉലകം ചുറ്റുന്ന ചായക്കച്ചവടക്കാരായി വേഷമിടുന്നതും എന്നത് കൗതുകകരം

.........പേജ് 14 ൽ തുടർച്ച

# മികച്ച ബസ്സിന് സമ്മാനം നൽകുമ്പോൾ

എഫ്.എം. റേഡിയോ പ്രക്ഷേപണരംഗത്തെ സജീവ സാന്നിധ്യമായ റേഡിയോ മാംഗോ കോഴിക്കോട്ടെ ഏറ്റവും നല്ല ബസ്സിന് പുരസ്കാരം നൽകിയിരുന്നു. ശ്രോതാക്കൾക്ക് ഇഷ്ടപ്പെട്ട ബസ്സിന്റെ വിവരം എസ്.എം.എസ് ചെയ്യാം. പൊതുവാഹനയാത്രയെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം പദ്ധതികൾ സ്വാഗതം ചെയ്യപ്പെടേണ്ടതും അനുകരിക്കേണ്ടതുമാണ്.

സത്യത്തിൽ ഈ മാതൃക നമ്മുടെ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളുമൊക്കെ ഏറ്റുപിടിക്കേണ്ടതു തന്നെയാണ്. ശക്തവും കാര്യക്ഷമവും ജനസൗഹൃദപരവുമായ പൊതുവാഹന സംവിധാനം ഓരോ ദിവസം ചെല്ലുന്തോറും പ്രസക്തമായിക്കൊണ്ടിരിക്കുന്നു. എന്തെങ്കിലും നിവൃത്തിയുണ്ടെങ്കിൽ സ്വകാര്യവാഹനം ഉപയോഗിക്കാതെ പൊതുവാഹനം തിരഞ്ഞെടുക്കാൻ താൽപര്യപ്പെടുന്നവരുടെ എണ്ണം നാൾക്കുനാൾ കൂടുമ്പോൾ, അതിനനുസരിച്ച് പൊതുവാഹന സംവിധാനം കൂടി കാര്യക്ഷമമാക്കിയാൽ യാത്രാ തിരക്ക്, പെരുകുന്ന ട്രാഫിക് ജാം, വാഹന അപകടങ്ങൾ ഒക്കെ ഗണ്യമായി കുറയ്ക്കാം എന്ന തിരിച്ചറിവ് ഉണ്ടായി വരുന്നതിൽ ആശ്വസിക്കാം.

സ്വകാര്യവാഹനം ഉപയോഗിക്കാൻ മടിക്കുന്നവരുടെ എണ്ണം കൂടിവരുന്നു എന്നാണ് സൂചന. നമ്മുടെ ഇടത്തരം ടൗണുകളിൽ പോലും നാലുചക്ര വാഹനവുമായി ഒന്ന് തിരിയാൻ പോലും കഴിയാത്ത സാഹചര്യത്തിൽ ചില നല്ല നടപ്പുകൾക്ക് ജനം നിർബന്ധിതരാവുന്നു.

മരണവീട്ടിലും വിവാഹവീട്ടിലും പാർട്ടികളിലും സമ്മേളനങ്ങളിലുമൊക്കെ ഇരുചക്ര വാഹനങ്ങൾ കൊണ്ടു പോവുകയോ നടന്നുപോവുകയോ ചെയ്യുന്നവരാണ് മിടുക്കൻമാരാവുക. വല്ല വിധേനയും പാർക്കുചെയ്ത വാഹനം തിരിച്ചെടുക്കാനാവാതെ വിഷമിക്കുന്ന അനുഭവം അറിയാതെയാണെങ്കിലും ചില തീരുമാനങ്ങൾ എടുക്കാൻ പ്രേരിപ്പിക്കും. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിച്ചതുകൊണ്ടും നാം ഉപഭോഗം കുറച്ചിട്ടില്ല. തീരെ നിവൃത്തിയില്ലാതെ വരുമ്പോൾ നിർബന്ധിക്കപ്പെടുന്ന ഈ ലാളിത്യം ക്രമേണ ഒരു ശീലമാക്കി മാറ്റാവുന്നതേയുള്ളൂ. അടിച്ചേൽപ്പിക്കപ്പെടുന്ന നിയന്ത്രണത്തേക്കാളും ലാളിത്യത്തേക്കാളും സ്വയംവരിക്കുന്ന നിയന്ത്രണവും ലാളിത്യവുമായിരിക്കും കൂടുതൽ അർത്ഥവത്താകുക.

റേഡിയോ മാംഗോയുടെ ഈ ബസ് പ്രേമം നമ്മുടെ നാട്ടിൽ വിലപ്പോവണേ എന്നാണ് പ്രാർത്ഥിക്കേണ്ടത്.

---

### *ഹൗ ഓൾഡ് ആർ യു....*

തന്നെ. പുറംമോടികളിൽ ഭ്രമിച്ച് ജീവിതം അശാന്തിയിലാക്കുകയും ജീവിതം പച്ചപിടിപ്പിക്കാനായി യൂറോപ്പിലേക്ക് വിമാനം കയറുന്നത് ജീവിതാഭിലാഷമായി കാണുകയും ചെയ്യുന്ന നായക കഥാപാത്രത്തിന്റെ കഥ പറയുന്നതിനോടൊപ്പമാണ് ഈ വിചിത്രരായ ചായക്കട ദമ്പതികളെ സിനിമയിൽ അവതരിപ്പിക്കുന്നത് എന്നത് പ്രധാനമാണ്. ജീവിതം സന്തോഷകരമാക്കാൻ സാധാരണക്കാരിൽ നിന്ന് പഠിക്കേണ്ട പാഠമായി തന്നെയാണ് ഈ സീൻ അവതരിപ്പിക്കപ്പെടുന്നതും.

കരിയർ സ്വപ്നമാണ് ജീവിതത്തിലെ ഏറ്റവും വലിയ സ്വപ്നമെന്നും ഫേസ്ബുക്കും സ്കൈപ്പുമൊക്കെയായാൽ ജീവിതം പൂർണ്ണമായി എന്നും കരുതുന്ന ന്യൂജനറേഷൻ ചിന്തകളെ വിമർശിക്കുന്നുണ്ട് ഈ ചിത്രം. നമ്മുടെ പാവം എള്ളുണ്ട വലിയവർക്ക് ടൈംബോംബായി തോന്നുമെന്നും ഐസ്ക്രീമിന്റെ പേരിൽ പോലും വയലൻസുണ്ടെന്നുമുള്ള തമാശയിൽ വലിയ ഗൗരവമുണ്ട്.

ജീവിതവിജയമെന്നാൽ കാർപാർക്കിംഗ് സൗകര്യമുള്ള, ആധുനികസൗകര്യമുള്ള വീടാണെന്നും പുതിയ കാലത്തെ സംവിധാനങ്ങളെല്ലാമതിൽ ഒരുക്കിവെച്ച്, കമ്പോളത്തിനു വഴങ്ങിക്കൊടുത്ത് വലിയ കരിയർ ഡ്രീമുകൾ അച്ചീവ് ചെയ്ത്, ജീവിതത്തിലെ കുഞ്ഞുകാര്യങ്ങളെ അവഗണിച്ച് ജീവിതം സങ്കീർണ്ണമാക്കി തീർക്കുന്ന ഇന്നത്തെ പൊള്ളയായ സങ്കൽപങ്ങളെയാണ് ഈ ചിത്രം തുറന്നുകാട്ടുന്നത്. അതോടൊപ്പം കുഞ്ഞുകാര്യങ്ങളിലൂടെ ജീവിതം മഹത്തരമാക്കി മാറ്റാമെന്നുള്ള ബദൽജീവിത സാധ്യതകളിലേക്കും ഈ സിനിമ സൂചനകൾ നൽകുന്നു.

നിങ്ങൾക്കെത്ര പ്രായമായി എന്നതല്ല നിങ്ങൾ എങ്ങനെ ജീവിക്കുന്നു, എന്തു ബാക്കിവെക്കുന്നു എന്നതാണ് പ്രധാനം. ഈ സിനിമയുടെ സന്ദേശത്തെ ഇങ്ങനെ ഒതുക്കാമെന്നു തോന്നുന്നു.

*കലാലയം ചെയ്യുന്നത് എന്തൊക്കെയാണ്? ശരിക്കു പറഞ്ഞാൽ, വഴി തെറ്റാത്ത മനുഷ്യരെ സൃഷ്ടിക്കയാണ്, യോഗികളെ-സംശയങ്ങളോ വ്യാമോഹങ്ങളോ ഇല്ലാത്ത മനുഷ്യരെ- സൃഷ്ടിക്കയാണ് കലാലയത്തിന്റെ ലക്ഷ്യം. അതുകൊണ്ടാണ് വിദ്യാർത്ഥികൾക്ക് കാര്യങ്ങൾ വിദ്യാലയങ്ങളിൽ വെച്ചു പഠിപ്പിക്കുന്നത്. വളരെപ്പണ്ട്, ഒരു കാര്യവും അറിയേണ്ടാത്ത വ്യക്തികളെ കരുപ്പിടിപ്പിക്കുക എന്നതായിരുന്നു പഠനം ലക്ഷ്യമാക്കിയിരുന്നതെന്ന് ഞാൻ കരുതുന്നു. എന്നാൽ, ഇന്നത്തെ കലാലയങ്ങൾ വ്യത്യസ്തങ്ങളാണ്. എല്ലാറ്റിനെയും പഠനശാഖകളായി വെട്ടിമുറിച്ചിരിക്കയാണ്. കൂടുതൽ പഠിക്കുന്തോറും ലോകവിവരം കുറഞ്ഞു കുറഞ്ഞു വരുന്ന, ഓരോ വിഷയത്തെ പ്രത്യേകം പ്രത്യേകം പഠിക്കുന്ന സമ്പ്രദായം സൃഷ്ടിച്ചിരിക്കുന്നു. ആൾക്കാർ ഒരുതുള്ളി വെള്ളത്തെയോ ഒരു നെൽക്കതിരിനെയോ അന്വേഷണകേന്ദ്രമാക്കുകയും തത്സംബന്ധമായ വ്യാഖ്യാനം മുന്നോട്ടു വയ്ക്കയും ചെയ്യുന്നു*

*-ഫുക്കുവോക്ക*

## ലൈഫ് സ്കെച്ച്

ബിജു ജോൺ

# പായസം വിൽപ്പനക്കാരൻ



*അസ്കർ ജോലിയിൽ*

ഒരു വൈകുന്നേരമാണ് ഉന്തുവണ്ടിയിൽ പായസം വിറ്റു നടക്കുന്ന അസ്കറിനെ കണ്ട ത്.പായസം എന്നാൽ മൂന്ന് തരം പായസ മാണ് അസ്കറിന്റെ ഈ ചലിക്കുന്ന പായസം പാർലറിൽ.


സേമിയ, ഗോതമ്പ്, അരി എന്നിങ്ങനെ മൂന്ന് രുചികളിൽ ചൂടോടെ പായസം കാണു മ്പോൾ കച്ചവടക്കാരും യാത്രക്കാരും ഒക്കെ ഒന്ന് രുചിനോക്കും. വൈകിട്ട് നാലു മണി മുതൽ രണ്ടു മൂന്ന് മണിക്കൂർ കൊണ്ട് സാധനം കാലിയാകും.അസ്കറിന്റെ പോക്കറ്റും നിറയും.

മുമ്പ് പല ജോലികൾ നോക്കിയ അസ്കർ മൂന്ന് മാസം മുമ്പാണ് ഈ പുതിയ സംരംഭം തുടങ്ങുന്നത്.സംഗതി ഏതായാലും ഹിറ്റായ മട്ടാണ്. അവസരങ്ങൾ ചുറ്റും ധാരാളമുണ്ട്. പക്ഷെ അതു കൃത്യമായി ഉപയോഗപ്പെടുന്നി ടത്താണ് അസ്കറിനെപ്പോലുള്ളവർ മാതൃകയാവുന്നത്.

# വില്ലേജ് ഓഫീസറുടെ സൈക്കിൾ

സൈക്കിൾ വിദേശ രാജ്യങ്ങളിലും ഇന്ത്യൻ നഗരങ്ങളിലും പ്രിയമാവുകയാണ്. സൈക്കിൾ ആരോഗ്യത്തിന് നല്ലതാണ്, പ്രകൃതിക്ക് ചേർന്ന താണ് എന്നൊക്കെ പറയാൻ എളുപ്പമാണ്. എന്നാൽ സൈക്കിൾ എടുത്ത് റോഡിലൂടെ ഒന്ന് ഓടിച്ച് നോക്കാൻ എത്ര പേർക്ക് ധൈര്യം ഉണ്ടാകും..

മലപ്പുറം ജില്ലയിൽ പോത്തുകല്ല് ഉപ്പടയിൽ താമസിക്കുന്ന റെനി വർഗ്ഗീസ് വില്ലേജ് ഓഫീസറാണ്. ദിവസം 16 കിലോമീറ്റർ സൈക്കിൾ ചവിട്ടിയാണ് ഓഫീസലേക്ക് വരികയും പോവുകയും ചെയ്യുന്നത്. ആദ്യമൊക്കെ ആളുകൾ പകച്ചുനോക്കുമായിരുന്നു പോലും. എന്നാൽ സൈക്കിളിലെത്തുന്ന ഓഫീസർ തന്റെ ജോലിയിലും ആലാളിത്യവും ചുറുചുറുക്കും കാണിക്കുന്നതു കണ്ടപ്പോൾ ജനത്തിന് സൈക്കിളിനോടു തന്നെ ഒരു മമത തോന്നിത്തുടങ്ങിരിക്കുന്നു.




*റെനി വർഗ്ഗീസ്*

# സ്വീഡനിലെ ജയിലും നമ്മുടെ ആധാറും

### കൃഷിയുമായി കൂടുന്ന ഹിറ്റ്മേക്കർ മൻസൂർഖാൻ

ബോളിവുഡിലെ ഹിറ്റ് സിനിമകളായിരുന്ന കൊയാമത് സെകൊയാമത്തക്, ജോജിതവോഹി സിന്ദഗി തുടങ്ങിയവയുടെ നിർമ്മാതാവായ മൻസൂർഖാൻ ഇന്ന് ചലചിത്രലോകത്തിന്റെ തിരക്കുകൾ വിട്ട് കൃഷിയുമായി കൂടുകയാണ്. ഐ.ഐ.ടി എം.ഐ.ടി പ്രോഡക്ട് ആയ ഈ കമ്പ്യൂട്ടിർ സയൻസുകാരൻ മുംബൈ നഗരത്തിൽനിന്നും അല്പമകലെ 22 ഏക്കർ വിസ്തൃതിയുള്ള ഏക്കേഴ്സ് വൈൽഡിൽ കൃഷിപ്പണികളിൽ മുഴുകി ആനന്ദത്തോടെ കഴിയുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ രേഖപ്പെടുത്തിയ പുസ്തകമാണ് The third curve - the end of growth as we know it ഞാൻ നിർമ്മിച്ച ഏതൊരു സിനിമയേക്കാളും മൂല്യമുള്ള ഒന്നാണ് കൃഷി മൻസൂർഖാൻ പറയുന്നു

(പാഠഭേദം 2013 നവംബർ)

### പെന്റാവാലന്റ് മാരണമാവുമോ..

2011 ഡിസംബർ 14ന് ഔപചാരികമായി തുടക്കം കുറിച്ച പെന്റാവലന്റ് കുത്തിവെപ്പിന്റെ പ്രത്യാഘാതത്തെത്തുടർന്ന് കേരളത്തിൽ 18 കുട്ടികൾ മരണമടഞ്ഞു. ഇന്ത്യയിൽ മൊത്തത്തിൽ ആരംഭിച്ച് മൂന്നുവർഷത്തിനുള്ളിൽ 34 കഞ്ഞുങ്ങൾ ആണ് മരിച്ചത്.

ഹെപ്പിറ്റൈറ്റിസ് ബി, ഹിമോഫിലിസ് ഇൻഫ്ളുവൻസ ടൈപ്പ് ബി , (HIB) വില്ലൻചുമ, തൊണ്ടമുള്ള്, ടെറ്റനസ് എന്നീ അഞ്ച് ശിശുരോഗങ്ങൾക്കുള്ള പ്രതിരോധമായാണ് ഈ വാക്സിൻ നൽകുന്നത്. ഒരു വാക്സിന്റെ വില 525 രൂപയാണ്. സർക്കാർ സംവിധാനത്തിൽ ഈ വാക്സിൻ സൗജന്യമായാണ് നൽകുന്നത്. ലോകാരോഗ്യ സംഘടനയുടെയും ബിൽ ആന്റ് മെലിൻഡഗേറ്റ്സ് ഫൗണ്ടേഷന്റെയും സഹകരണത്തോടെയാണ് ഈ നടപ്പിലാക്കുന്നത്.

ആദ്യഘട്ടത്തിൽ കേരളത്തിലും തമിഴ്നാട്ടിലും നടപ്പിലാക്കി തുടങ്ങിയ ഈ കുത്തിവെപ്പിന്റെ പ്രത്യാഘാതങ്ങൾ കണക്കിലെടുത്ത് ശാസ്ത്രീയമായ പഠനം നടത്തണെന്ന് പെന്റാവാലന്റ് കുത്തിവെപ്പിന് അംഗീകാരം നൽകിയ സമിതിയിലെ അംഗവും ഡൽഹിസെന്റ് ഡിഫൻസ് ആശുപത്രിയിലെ ശിശുരോഗ വിഭാഗംമേധാവിയുമായ ഡോ: ജേക്കബ് പുലയേൻ ആവശ്യപ്പെട്ടിരുന്നു.

പ്രതിവർഷം 250 ശിശുക്കൾ HIB മൂലം മരിക്കുന്നുവെന്നാണ് കണക്ക്. കേരളത്തിൽ 40,000 കുഞ്ഞുങ്ങളിൽ കുത്തിവെപ്പ് നടത്തിയപ്പോൾ പാർശ്വഫലങ്ങൾ മൂലം 5 പേർ മരിച്ചു. അതനുസരിച്ച് പെന്റാവാലന്റ് കുത്തിവെക്കുന്ന 3000 കുഞ്ഞുങ്ങൾ മരിക്കാൻ സാധ്യതയുണ്ട്. രോഗംമൂലം മരിക്കുന്ന കുട്ടികളെക്കാൾ പത്തിരട്ടി പേർപ്രതിരോധക്കുത്തിവെപ്പ് എടുക്കുന്ന പാർശ്വ ഫലങ്ങൾമൂലം മരിക്കുന്നു എന്ന് ഡോ: ജേക്കബ് പുലിയേൻ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പറയുന്നു.



*മൻസൂർഖാൻ കുടുംബവുമൊത്ത് തന്റെ ഫാമിൽ*

ഡോ: ടി.ജേക്കബ് ജോൺ വൈസ് ചെയർമാനായ ഉപദേശകസമിതിയിലാണ് പെന്റാവാലന്റ് ഇന്ത്യൻ പ്രതിരോധ കുത്തിവെപ്പ് പരിപാടിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്. അതിനുശേഷം ബിൽ ആന്റ് മെലിൻസ ഗേറ്റ്സ് ഫൗണ്ടേഷൻ അദ്ദേഹത്തിന്റെ ഗവേഷണങ്ങൾക്ക് ഒരു ലക്ഷം ഡോളർ ധനസഹായം അനുവദിച്ചു.

(മാതൃഭൂമി ആഴ്ചപ്പതിപ്പ് 2013 ഡിസംബർ 15)

### സ്വീഡനിലെ തടവറകൾ പൂട്ടുന്നു

സ്വീഡനിലെ നാല് തടവറകൾ പൂട്ടാൻ ഭരണകൂടം തീരുമാനിച്ചു. കാരണം തടവുകാരുടെ എണ്ണം കുറഞ്ഞു. ലോകത്തിലെ ഏറ്റവും ജനാധിപത്യപരവും പുരോഗമനപരവുമായ തടവറ സ്വീഡനിലാണ്. ശിക്ഷ കഴിഞ്ഞിറങ്ങുന്നവർക്ക് ജീവിക്കാൻ സർക്കാർ മികച്ച സാഹചര്യങ്ങളും ഒരുക്കാറുണ്ട്. പത്ത് വർഷത്തിൽ കൂടുതൽ തടവ് ശിക്ഷ ലഭിക്കുന്നത് വിരളം. തടവ് പുള്ളികളോട് മനുഷ്യത്വം കാണിക്കുന്ന സമീപനമാണ് സ്വീഡൻ ഭരണകൂടത്തിന്റേത്.

(മലയാളം വാരിക 2013 ഡിസ: 20)

**പെന്റാവലന്റ് കുത്തിവെപ്പിന്റെ പ്രത്യാഘാതത്തെത്തുടർന്ന് കേരളത്തിൽ 18 കുട്ടികൾ മരണമടഞ്ഞു. ഇന്ത്യയിൽ മൊത്തത്തിൽ ആരംഭിച്ച് മൂന്നുവർഷത്തിനുള്ളിൽ 34 കഞ്ഞുങ്ങൾ ആണ് മരിച്ചത്.**

**വിപണിഭക്ഷണം ഇന്ന് അറബ് ഭക്ഷണരീതികളുടെ ഏറ്റവും മോശപ്പെട്ട പകർപ്പുകളുമായാണ് റോഡരുകിൽ, കൊതിമൂത്ത മനുഷ്യരെ കാത്തിരിക്കുന്നത്.**

ഹരിതവിചാരം

# ഭക്ഷണത്തിന്റെ അറബ്‌വൽക്കരണം

**ജയപ്രകാശ് നിലമ്പൂർ**

'ഭക്ഷണം മരുന്നാണ്' എന്നതായിരുന്നു പഴയ ആപ്ത വാക്യം. എന്നാലിന്ന് നാവിന്റെ സ്വാദിനിണങ്ങിയതെന്തും ഭക്ഷണമെന്ന് തെറ്റിദ്ധരിച്ചുള്ള ഇന്നത്തെ പുത്തൻ ഭക്ഷണ ശൈലികൾ രോഗാതുരതയുടെ നീണ്ട പടവുകളിലേക്കാണ് ഏവരെയും അതിവേഗം കൊണ്ടുപോയ്ക്കൊണ്ടിരിക്കുന്നത്. വൻകിട ആശുപത്രികളുടെ കൊയ്ത്തുകാലമായി. ആതുര ചികിത്സകരുടെ പൂക്കാലമായി. ലക്ഷങ്ങൾ ചില വുള്ള ചികിത്സ വളരെയധികം കുടുംബങ്ങളെ ദരിദ്രരും കടക്കെണിക്കാരും ആക്കിയിരിക്കുന്നു. 'രണ്ടായിരാമാണ്ടിൽ ഏവർക്കും ആരോഗ്യം' എന്ന മുദ്രാവാക്യവുമായിട്ടുള്ള പ്രചരണങ്ങൾ ഏവർക്കും രോഗാതുരത എന്ന ഹിഡൺ അജണ്ട ഫലപ്രദമായി നടപ്പാക്കി. രാജ്യത്ത് വിറ്റഴിയുന്ന മുപ്പത് ശതമാനം മരുന്നുകളും കേരളത്തിൽ ചിലവഴിക്കുന്ന കാര്യത്തിൽ അവർ ലക്ഷ്യം നേടിയിരിക്കുന്നു.

വിപണിഭക്ഷണം.. എന്നാലിന്ന് അറബ് ഭക്ഷണരീതികളുടെ ഏറ്റവും മോശപ്പെട്ട പകർപ്പുകളുമായാണ് റോഡരുകിൽ, കൊതിമൂത്ത മനുഷ്യരെ കാത്തിരിക്കുന്നത്. ബ്രോസ്റ്റ്, ഷവർമ, ഷവായ്, കഫ്സ, നൂഡിൽസ്..... ഇങ്ങനെ എത്രയെങ്കിലുമുണ്ട്! കൃത്രിമ കളറുകളിലും മസാലക്കൂട്ടിലും അജിനോമോട്ടോയിലും, അസ്പാർടെം പോലുള്ള മാരക കൃത്രിമ മധുരങ്ങളിലും നിർമ്മിക്കപ്പെടുന്ന ഈ കപടഭക്ഷണങ്ങളും നുണച്ചി തീറ്റകളും നമ്മുടെ ആന്തരിക അവയവങ്ങൾക്ക് മാരകമായ പരിക്കുകളാണ് ഉണ്ടാക്കുന്നത് എന്നറിയാനുള്ള വിവേകം സമർത്ഥനെന്ന് സ്വയം അവകാശപ്പെടുന്ന മലയാളിക്ക് കൈമോശം വന്നിരിക്കുന്നു.

യഥാർത്ഥത്തിൽ നാലുതരം ഭക്ഷണങ്ങളാണ് ഭൂമിയിൽ നമുക്കിന്ന് ലഭ്യമായിട്ടുള്ളത്. തദ്ദേശീയ പഴങ്ങളും അണ്ടി വർഗ്ഗങ്ങളുമാണ് നമുക്ക് ഏറ്റവും അനുകൂലകമായ ഹൃദ്യ ഭക്ഷണം. ശരീരത്തിന് കൂടുതൽ ഗുണവും എന്നാൽ കുറച്ച് കുഴപ്പവുമുള്ള തവിടുള്ള ധാന്യങ്ങൾ, എണ്ണകൾ, ശർക്കര, കിഴങ്ങുകൾ എന്നിവയാണ് രണ്ടാമത്തേത്. ശരീരത്തിന് കൂടുതൽ കുഴപ്പവും വളരെ ക്കുറച്ച് ഗുണങ്ങളുമുള്ള റവ, മൈദ, ചാക്കരി, പഞ്ചസാര തുടങ്ങിയവയാണ് മൂന്നാംനിര ഭക്ഷണങ്ങൾ. എന്നാൽ നമ്മുടെ ഭക്ഷണമേയല്ലാത്ത, വർണ്ണപ്പകിട്ടുള്ള, നാവിന്റെ സ്വാദിനെ മാത്രം ഉത്തേജിപ്പിക്കുന്ന നുണച്ചിത്തീറ്റകളും ബേക്കറി ഇനങ്ങളും ഫാസ്റ്റ് ഫുഡ്ഡുകളുമാണ് നാലാം ഗണത്തിലുള്ളവ. ഇവയുടെ വ്യാപനമാണ് ഇന്ന് മലയാളികളെ രോഗാതുരമാക്കാൻ മുഖ്യ കാരണമായിരിക്കുന്നത്.

എന്താണ് നമ്മുടെ ആരോഗ്യഭക്ഷണം എന്നതിനെക്കുറിച്ചുള്ള മികച്ച അന്വേഷണങ്ങളിലൂടെ അടുക്കളകളെയും ഭക്ഷണ-പാനീയ-ജീവിതരീതികളെയും തിരിച്ചുപിടിച്ചു മാത്രമേ നമ്മുടെ ആരോഗ്യവും ആന്തരികപരിസ്ഥിതിയും സംരക്ഷിക്കാനാവൂ. യൂറോപ്യൻ രാജ്യങ്ങളിൽ പടരുന്ന സ്ലോഫുഡ് കാമ്പയിൻ മുന്നോട്ടുവയ്ക്കുന്ന ആശയവും ഇതുതന്നെയാണ്.

---

**ലോകത്തിലെ ഏറ്റവും ജനാധിപത്യപരവും പുരോഗമനപരവുമായ തടവറ സ്വീഡനിലാണ്. ശിക്ഷ കഴിഞ്ഞിറങ്ങുന്നവർക്ക് ജീവിക്കാൻ സർക്കാർ മികച്ച സാഹചര്യങ്ങളും ഒരുക്കാറുണ്ട്.**

## ഹാരപ്പൻ നാഗരികതയും നമ്മളും

ബി.സി 2500 ലെ ഹാരപ്പൻ നാഗരികതയുടെ അവശിഷ്ടങ്ങൾ സിറ്റിംഗ് കക്കൂസുകൾ ഉപയോഗിച്ചിരുന്ന ഒരു ജനതയുടെ ജീവിത സമ്പ്രദായത്തിലേക്ക് വിരൽ ചൂണ്ടുന്നു. അവിടെ നിന്ന് 4500 വർഷം പിന്നിടുമ്പോൾ ഇന്ത്യയിൽ 64 ലക്ഷം ആളുകൾക്ക് സ്വന്തമായി കക്കൂസ് ഇല്ല എന്ന അവസ്ഥയിലേക്കാണ് രാജ്യമെത്തിയിരിക്കുന്നത്. (മലയാളം വാരിക ഡിസ:20)

## ആധാർ പദ്ധതിയുടെ കെണി

ഇന്ത്യയിൽ ജയിൽ പുള്ളികളുടെ ബയോമെട്രിക്ഡാറ്റ ശേഖരിക്കാൻ പ്രത്യേക നിയമമുണ്ട്. identification of prisoners act,1920 അതനുസരിച്ച് പ്രത്യേകം ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കു മാത്രമേ ജയിൽ പുള്ളികളുടെ വിരലടയാളം ശേഖരിക്കാൻ പാടുള്ളു. അതേസമയം ആധാർപദ്ധതിയുടെ ഭാഗമായി യാതൊരു തത്വദീക്ഷയുമില്ലാതെ ഒരുജനതയുടെ മുഴുവൻ ബയോമെട്രിക് ഡാറ്റയും ശേഖരിച്ചു കഴിഞ്ഞു.

50 ലക്ഷം കോടിരൂപയാണ് ആധാർ പദ്ധതിക്ക് വേണ്ടി ചെലവിടുന്നത്. ഒരു ദിവസം 20 രൂപ പോലും വരുമാനമില്ലാതെ 800 ദശലക്ഷം ജനങ്ങൾ ഉള്ള ഒരുരാജ്യത്താണിതെന്ന് നാമോർക്കണം.

(മാതൃഭൂമി ആഴ്ച്ചപതിപ്പ് 2013 ഡിസ:15)

**ആധാർപദ്ധതിയുടെ ഭാഗമായി ശേഖരിച്ച കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും വിവരങ്ങൾ കെൽട്രോൺ സ്വകാര്യ കമ്പനിക്കു കൈമാറിയിരിക്കുന്നു.**

**മൃഗ ശ്രുതി 3**

# സ്വരങ്ങളും ജീവികളും



ഡേവീസ് വളർക്കാവ്

ഭാരതീയ സംഗീതം സ്വരാഷ്ടകത്തെ 22 ശ്രുതികളായി ഭാഗിക്കുന്നു. ഏഴ് അടിസ്ഥാന സ്വരങ്ങളിൽ ഓരോന്നും ഓരോ നിറമായിട്ടും ഓരോരോ പക്ഷിയുടെയോ, മൃഗത്തിന്റെയോ സ്വാഭാവിക ശബ്ദമായിട്ടും ബന്ധപ്പെടുത്തി പറഞ്ഞുതരുന്നു. ഏഴ് സ്വരങ്ങളും നിറങ്ങളും ജീവികളെയും നമുക്ക് പരിചയപ്പെടാം.

| സ്വരങ്ങൾ | അർത്ഥം | ജീവികൾ | നിറങ്ങൾ |
|---|---|---|---|
| സ | ഷഡ്ജം | മയിൽ | ചുവപ്പ് |
| രി | ഋഷഭം | കാള | പച്ച |
| ഗ | ഗാന്ധാരം | ആട് | സ്വർണ്ണ മഞ്ഞ |
| മ | മദ്ധ്യമം | ക്രൗഞ്ചപക്ഷി | വെളുപ്പ് |
| പ | പഞ്ചമം | കുയിൽ | കറുപ്പ് |
| ധ | ധൈവതം | കുതിര | മഞ്ഞ |
| നി | നിഷാദം | ആന | എല്ലാ നിറങ്ങളും |

മൂന്ന് പക്ഷികളും നാല് മൃഗങ്ങളും. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള സൗഹൃദത്തിന്റെ സ്വാഭാവികമായ മഹത്വമാണിവിടെ ദൃശ്യമാകുന്നത്. പക്ഷി, മൃഗാദികളുടെ ശബ്ദവൈവിധ്യങ്ങളിൽ നിന്നാണ് സപ്തസ്വരങ്ങൾ ആവിർഭവിച്ചതെന്നറിയുമ്പോൾ ശബ്ദലോക വിസ്മയം നാമറിയുന്നു. ശബ്ദപ്രപഞ്ചത്തിന്റെ ഭാഗമാകുന്നു. നാദ പ്രപഞ്ചം, നാദബ്രഹ്മം!

നാദത്തിന്റെ ഉത്തമ സാധകമായി മനുഷ്യരുടെ കണ്ഠസ്വരത്തെ ഭാരതം ദീർഘകാലമായി അംഗീകരിച്ചിട്ടുണ്ട്. അതിനാൽ ശ്രുതിമാധുര്യത്തിന് പ്രാധാന്യം നൽകിയിരിക്കുന്നു. ഭാരതീയസംഗീതം ആത്മനിഷ്ഠവും ആത്മീയവും വ്യക്തിഗതവുമായ കലയാണ്. അത് അവനവന്റെ സത്തയുമായുള്ള ഐക്യമാണ് ലക്ഷ്യമാക്കുന്നത്.

ഒരു മൂളിപ്പാട്ടെങ്കിലും പാടാത്തവർ ഉണ്ടാകാനിടയില്ല. പാടുമ്പോൾ അവനവന്റെ ഉൺമയുടെ ഒരംശമെങ്കിലും ആസ്വദിക്കാൻ അവസരം ലഭിക്കുന്നത് അപ്പോഴാണ്. കുളിമുറിയിലോ തുണിയലക്കുമ്പോഴോ ചിലപ്പോൾ നാം നമ്മെത്തന്നെ വിസ്മരിച്ച് പാടി നമ്മുടെ ആത്മസത്തയോട് ചേരാറില്ലേ.. കുട്ടികൾ സൈക്കിളിൽ കയറി കൈവിട്ട് ചവിട്ടി പാട്ടുപാടി പോകുന്നത് കണ്ടിട്ടുണ്ടോ, അവരനുഭവിക്കുന്ന ആനന്ദം പറഞ്ഞറിയിക്കാനാവില്ല.

ഒരു താരാട്ടുപാട്ട് കേട്ട് വളരാൻ സാധിക്കാത്ത കുഞ്ഞ് മുതിരുമ്പോൾ എന്തായിത്തീരുമെന്ന് ആലോചിച്ചിട്ടുണ്ടോ? ഇല്ലായ്മയുടെയും വല്ലായ്മയുടെയും ചേരികളിൽ കഴിയുന്നവർ റേഡിയോയിലെ പാട്ടുകേട്ടാസ്വദിക്കുന്നത് കാണാവുന്നതാണ്.

വേനലിൽ നമ്മെ കൂകിവിളിക്കാനെത്തുന്ന കരിങ്കുയിലിനെ നാം സ്വീകരിച്ചുവോ, മഴക്കാലമാകുമ്പോൾ ഒരു കൂട്ടം ചെറുജീവികളുടെ സംഘഗാനവും ഓർക്കസ്ട്രയും ഭൂമിയിലുയരും. പ്രകൃതിയുടെ സ്വാഭാവികസംഗീതം- കാറ്റിന്റെ, മഴയുടെ, തിരയുടെ, പുഴയുടെ, മുളങ്കാടിന്റെ - ഇക്കാലത്തെ മനുഷ്യർ ആസ്വദിക്കുന്നില്ലെന്ന് പറയാറുണ്ട്. മനുഷ്യ ജന്മത്തിലെതന്നെ നഷ്ടങ്ങളിലൊന്നാണിത്. ഒരു നിമിഷം നിശ്ശബ്ദമായി കണ്ണുകളടച്ച് പ്രകൃതിയിലെ ശബ്ദം ശ്രദ്ധിച്ചുനോക്കൂ. വാഹനങ്ങളുടെ ഇരമ്പവും മറ്റും മറ്റും പിന്തള്ളി പ്രകൃതിയിലെ സംഗീതത്തിന് കാതു കൊടുക്കുക. കോഴിയുടെ കൂവൽ, അണ്ണാറക്കണ്ണന്റെ ചിലപ്പ്, കുയിലിന്റെ കൂകൽ, തവളയുടെ ചിരി, ചീവീടിന്റെ ഒച്ച, കാക്കയുടെ കരച്ചിൽ, ആടിന്റെ അമറൽ, പശുവിന്റെ വിളി..... എന്തെങ്കിലും ശബ്ദസംഗീതം ആസ്വദിക്കാൻ കഴിയും തീർച്ച. ഒന്ന് പരീക്ഷിച്ചുനോക്കിയാലും. അതിനാൽ കേരളത്തിൽ ജനിച്ചവർ ഭാഗ്യം കിട്ടിയവരാണ്.മനുഷ്യരാർജ്ജിച്ച സംഗീതത്തിലും സംസ്കാരങ്ങളിലും പക്ഷി-മൃഗസ്വാധീനം നിറഞ്ഞുനിൽക്കുന്നുവെന്നത് മിണ്ടാപ്രാണികളെ ആദരവോടെ നോക്കിക്കാണാൻ നമ്മെ പ്രേരിപ്പിക്കേണ്ടതല്ലേ?


**വേനലിൽ നമ്മെ കൂകിവിളിക്കാനെത്തുന്ന കരിങ്കുയിലിനെ നാം സ്വീകരിച്ചുവോ? മഴക്കാലമാകുമ്പോൾ ഒരു കൂട്ടം ചെറുജീവികളുടെ സംഘഗാനവും ഓർക്കസ്ട്രയും ഭൂമിയിലുയരും. പ്രകൃതിയുടെ സ്വാഭാവിക സംഗീതം- കാറ്റിന്റെ, മഴയുടെ, തിരയുടെ, പുഴയുടെ, മുളങ്കാടിന്റെ - ഇക്കാലത്തെ മനുഷ്യർ ആസ്വദിക്കുന്നില്ലെന്ന് പറയാറുണ്ട്. മനുഷ്യ ജന്മത്തിലെതന്നെ നഷ്ടങ്ങളിലൊന്നാണിത്.**

## വെള്ളം വെള്ളം

വെള്ളം ഒരു ഔഷധം കൂടിയാണ്. ശുദ്ധമായ വെള്ളം ഉപയോഗിച്ചാൽ പല ശരീരക്ലേശങ്ങൾക്കും ആശ്വാസം കിട്ടും. എന്തെന്നാൽ പല അസ്വസ്ഥതകൾക്കും കാരണം ഡീ ഹൈഡ്രേഷനാണ്. ശരീരവേദന, തലവേദന, ക്ഷീണം, അസിഡിറ്റി, നെഞ്ചെരിപ്പ് ഇങ്ങനെ പല അസ്വസ്ഥതകൾക്കും ഒരു ഗ്ലാസ് വെള്ളം കുടിച്ചാൽ മതി. ഇളംചൂടുവെള്ളം തേൻചേർത്ത് സ്ഥിരമായി കഴിക്കുന്നത് ആസ്ത്മ, അലർജി രോഗങ്ങൾക്ക് ശമനമുണ്ടാക്കുന്നു. വെള്ളം കുടിക്കൂ... പൊണ്ണത്തടി കുറക്കൂ... എന്നാണ് അമിതവണ്ണമുള്ളവർക്ക് വെള്ളം നൽകുന്ന വാഗ്ദാനം.

## റേഡിയോ ആന്റിന

റേഡിയോ ഉപയോഗിക്കുന്നവരുടെ പരാതി റേഡിയോ ആന്റിന പൊട്ടിപ്പോകുന്നു എന്നാണ്. ആന്റിന പോയാൽ പിന്നെ പല സ്റ്റേഷനുകളും ട്യൂൺ ചെയ്ത് കിട്ടാൻ പ്രയാസമാകും. അതിനാൽ ആന്റിന ശ്രദ്ധിച്ച് കൈകാര്യം ചെയ്യണം. ഉയർത്തിവെക്കുമ്പോൾ മുകളറ്റം പിടിച്ച് പതിയെ വലിക്കാം. എന്നാൽ താഴ്ത്തി വെക്കുമ്പോൾ മുകളറ്റമല്ല ആദ്യം താഴ്ത്തേണ്ടത്. വണ്ണം കുറഞ്ഞ മുകളറ്റം അമർത്തി താഴേക്ക് തള്ളുമ്പോഴാണ് മിക്കപ്പോഴും ആന്റിനക്ക് പരിക്കേൽക്കുക. അതുകൊണ്ട് താഴെ ഭാഗം പിടിച്ച് ആദ്യം അകത്തേക്ക് തള്ളുക. തുടർന്ന് അതിനുമുകളിലെ ഭാഗം, തുടർന്ന് മേലോട്ട്- ഇങ്ങനെ ചെയ്താൽ ആന്റിന പൊട്ടിപോകില്ലെന്ന് പറഞ്ഞുതന്നത് ഒരു പഴയ റേഡിയോ മെക്കാനിക്കാണ്. സ്റ്റേഷനുകൾ ക്ലിയർ ആയി കിട്ടാൻ ആന്റിനയുടെ അറ്റത്ത് നീളമുള്ള ചെമ്പുകമ്പി (ഇലക്ട്രിക് വയറിന്റെ ഉള്ളിലുള്ളത്) കെട്ടി മുകളിലേക്ക് വലിച്ചുവെച്ചാൽ മതി. ആന്റിനയുടെ പൊക്കം കൂട്ടുംപോലെ ഈ കമ്പി വലിച്ച് മുകളിൽ വിലങ്ങനെ കെട്ടിയ മറ്റൊരു കമ്പിയിലേക്ക് ബന്ധിപ്പിച്ചാൽ ശബ്ദത്തിന് വ്യക്തതയുണ്ടാകും. ഇടിമിന്നലുണ്ടാകുമ്പോൾ ആന്റിനയിൽ നിന്ന് ഈ കമ്പി ഊരിയിടാൻ ശ്രദ്ധിക്കണം.



*സൗദി ആറംകോ മാഗസിൻ*

## സൗദി ആറംകോ വേൾഡ്

അറബ്-പശ്ചിമേഷ്യൻ രാജ്യങ്ങളിലെ ജീവിതവും സംസ്കാരവും പ്രതിപാദിക്കുന്ന ഒരു ബഹുവർണ്ണ ഇംഗ്ലീഷ് മാഗസിൻ ഈയിടെ കിട്ടി. ദ്വൈമാസികയാണ്. വായിക്കാൻ കൗതുകകരമായ കാര്യങ്ങൾ ധാരാളം. 'പിസ്ത' എന്ന ഒരു പരിപ്പുള്ള സാധനം. ഗൾഫു സുഹൃത്തുക്കൾ തന്നത് തിന്നിട്ടുണ്ട് എന്നല്ലാതെ അതുണ്ടാകുന്ന മരമോ അതിനെക്കുറിച്ചുള്ള കാര്യങ്ങളോ അറിഞ്ഞിരുന്നില്ല. പിസ്തയെ കുറിച്ചുള്ള ഒരു സമഗ്രഫീച്ചർ ഈ മാഗസിനിൽ വായിച്ചു. മാഗസിന്റെ പേര് 'സൗദി ആറംകോ വേൾഡ്'(Saudi Aramco World). മാഗസിൻ ഫ്രീ ആയി കിട്ടും. താൽപര്യമുള്ളവർ മാത്രം മാസിക ആവശ്യപ്പെട്ട് പൂർണ്ണവിലാസസഹിതം ഇ-മെയിൽ ചെയ്താൽ മതി. സൗദി ആറംകോ എന്ന എണ്ണക്കമ്പനിയാണ് പ്രസാധകർ.
(വിലാസം: **saworld@aramcoservices.com**)

## മൊബൈൽഫോണും ഉറക്കവും



നിങ്ങൾ ഉറങ്ങുമ്പോൾ മൊബൈൽഫോൺ തലക്കടുത്ത് വെക്കാറുണ്ടോ? എങ്കിൽ ആ ശീലം ഉടൻ അവസാനിപ്പിക്കുക. മൊബൈൽഫോൺ തരംഗങ്ങൾ ഉറക്കം കുറക്കാനും തലവേദനക്കും തലവേദനക്കും വിഷാദരോഗത്തിനും കാരണമാകുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഉറങ്ങുന്നതിനു തൊട്ടുമുമ്പുള്ള മൊബൈൽ സംസാരവും പ്രശ്നങ്ങളുണ്ടാക്കുമെന്ന് സ്വീഡനിലെ ആരോഗ്യഗവേഷണ സ്ഥാപനമായ കരോലിൻസ്ക്ക ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിൽ പറയുന്നു.

## പേപ്പർ..പേപ്പർ..

ഒരു പഴയ ന്യൂസ് പേപ്പർ ഉണ്ടെങ്കിൽ യാത്രയിൽ എത്ര ഉപകാരിയാണത്! എവിടെയെങ്കിലും ഉഷ്ണിച്ച് നിൽക്കേണ്ടിവന്നാൽ വീശാം. മുഖത്തെ വിയർപ്പ് ഒപ്പാം. കാത്തുനിൽപ്പിന്റെ വേളയിൽ വിരിച്ചിരിക്കാം. കിടക്കാം. സീറ്റ് തുടക്കാം. ട്രെയിനിൽ ഭക്ഷണം കഴിക്കുമ്പോൾ ടേബിൾ മാറ്റാക്കാം. ടോയ്‌ലറ്റിൽ യൂറോപ്യൻ ക്ലോസറ്റിനുമുകളിൽ വട്ടത്തിൽ ചന്തി ഫ്രെയിമുണ്ടാക്കി വൃത്തിഹീനതയിൽ നിന്ന് രക്ഷപ്പെടാം. കുട്ടികൾ മൂത്രമൊഴിച്ചാൽ എമർജൻസി നാപ്കിൻ പോലെ.. അങ്ങനെ നെല്ലാം... ഇനി നിങ്ങളും അനുഭവത്തിൽ നിന്ന് കൂട്ടിച്ചേർക്കൂ...

Rs 10/- Published On 10-06 -2014 Little Masika June 2014 Postal Regn No.KL/MJI/82/2012-15
Reg. No. RN 67322/94

Caring for Green Earth



ഈടും ഉറപ്പുമുള്ള ബാഗ് ആയിരക്കണക്കിന് ഒറ്റ ഉപയോഗ പ്ലാസ്റ്റിക് കവറുകൾക്ക് പകരമാവുന്നു. അതിനാൽ ഈടുറ്റ ബാഗുകൾ നമ്മുടെ ഗ്രഹത്തെ കൂടുതൽ ഹരിതാഭമാക്കുന്നു.

Star Bags

Presing & Screen Printing Works
Ecco Complex Bus Stand
Edavanna

വിവിധ ആവശ്യങ്ങൾക്കുള്ള ബാഗുകൾ ഇഷ്ടാനുസരണം നിർമ്മിച്ചുകൊടുക്കുന്നു. പഴയ ബാഗുകൾ നന്നാക്കി പുനരുപയോഗത്തിന് സജ്ജമാക്കുന്നു. ഫയലുകൾ, സി.ഡി പൗച്ച്, ആർസി കവർ, ലൈസൻസ് കവർ, റേഷൻകാർഡ് കവർ, പാസ്ബുക്ക് കവർ തുടങ്ങിയവയും ലഭ്യമാണ്.

അന്വേഷണങ്ങൾക്ക്: രാജു, ഫോൺ: 9656722558

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at nTK Offset Printers, Manjeri for Co-Operative Press Chungathara.